FELLOWSHIP
(ACT 2:42)

# THE SPIRITUAL LEADER
## UNDERSTANDS LEADERSHIP

## THE SPIRITUAL LEADER &
VISION
FINANCES
PRIORITIES
TEAM WORK
PERSONALITY
SPIRITUAL GIFTS
CHURCH DISCIPLINE
CHURCH ADMINISTRATION
CHOOSING OTHER LEADERS



## THE ART OF CHRISTIAN LEADERSHIP

LEADING CHRISTIAN MAGAZINE
ആത്മാഭിഷേകം
2015 ഫെബ്രുവരി വാല്യം 10 ലക്കം 2



# ആത്മീയയുദ്ധം

Apostle: Devasia Mullakkara

ഈ ലോകത്തിലാണ് നാം ജീവിക്കുന്നതെങ്കിലും ക്രിസ്തുവിന്റെ ശക്തിയിൽ ആശ്രയിച്ച് സ്വർഗ്ഗീയജീവിതം നയിക്കാൻ ശ്രമിക്കലാണ് ക്രിസ്തീയജീവിതം. ക്രിസ്തുവിന്റെ ശക്തിയിലാശ്രയിക്കുക എന്നത് പരിശുദ്ധാത്മാവിൽ ലയിക്കുക എന്നതാണ്.

നമ്മുടെ പൗരത്വം ഇന്ത്യയിലോ, അമേരിക്കയിലോ, മറ്റേതെങ്കിലും രാജ്യങ്ങളിലോ അല്ല. "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെനിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്ന് നാം കാത്തിരിക്കുന്നു. അവൻ സകലതും തനിക്ക് കീഴ്പ്പെടുത്താൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും" (ഫിലി.3:20,21). എങ്കിൽ ഈ ലോകത്തോടും ഇവിടുത്തെ പാപത്തോടും പാപകാരണക്കാരനായ പിശാചിനോടും, നാം പോരാട്ടം നടത്തിയേ പറ്റൂ. ഇതിൽ പരമപ്രധാനമായ പോരാട്ടം സാത്താനോടായിരിക്കണം. യാക്കോബ്, നാം ദൈവത്തിന് കീഴടങ്ങുവിൻ എന്നു പറഞ്ഞിട്ട് "പിശാചിനോടെതിർത്ത് നില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും" (യാക്കോ.4:7) എന്ന് പഠിപ്പിച്ചിരിക്കുന്നു.

ദൈവീകപദ്ധതികളേയും, മനുഷ്യൻ ദൈവത്തോട് തിരുവെഴുത്തുകളിൻ പ്രകാരം അടുക്കുന്നതിനേയും സാത്താൻ എപ്പോഴും എതിർക്കുന്നു. ദൈവത്തെ ഒന്നും ചെയ്യാൻ കഴിയാത്തതിനാൽ അതിന്റെ ദേഷ്യംകൂടി അവൻ മനുഷ്യനെതിരെ തിരിച്ചുവിടും. അവന് മനുഷ്യരോടെതിർത്താൽ മതി. ദൈവം ഭൂമിയിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളും താൻ വിളിച്ച് വേർതിരിച്ച്, സഭയായി നിൽക്കുന്നവരിലൂടെ ചെയ്യുന്നു. അവരെ നേരിട്ട് തോല്പ്പിക്കാൻ എളുപ്പമല്ലാത്തതുകൊണ്ട് മതമനുഷ്യരേയും രാഷ്ട്രീയ-സാമൂഹ്യപ്രവർത്തകരെയും ഉപയോഗിച്ച് അവൻ മനുഷ്യരെ തോൽപ്പിച്ചുകൊണ്ട് മുന്നേറുന്നു.

മനുഷ്യർ നിത്യതയിലെത്തരുതെന്നതും, ഈ ഭൗമജീവിതത്തിൽ യഥാർത്ഥസമാധാനം അനുഭവിക്കരുത് എന്നതുമാണ് സാത്താന്റെ ലക്ഷ്യം.

ദൈവസഭയുടെ ആരാധന, പരിശുദ്ധാത്മാവിന്റെ നിറവിൽ ആകരുത് എന്ന്, സാത്താൻ ആഗ്രഹിക്കുന്നു. മാത്രമല്ല, ക്രിസ്തുവിന്റെ, അഥവാ ദൈവത്തിന്റെ ശക്തിയാൽ, വചനാനുസൃതമായ പ്രാർത്ഥനയോടുകൂടിയ ആത്മീയജീവിതത്തിൽ നാം അണിചേരരുതെന്നും സാത്താൻ കരുതുന്നു. കാരണം, പിശാചിനെ തോൽപ്പിക്കാൻ അഭിഷേകമില്ലാത്ത മനുഷ്യർക്ക് കഴിയില്ലെന്ന് സാത്താനറിയാം. നല്ല അഭിഷേകം പ്രാപിച്ചാൽ, ക്രിസ്തുവിന്റെ ക്രൂശുമരണത്താലും ഉത്ഥാനത്താലും സംഭവിച്ച പിശാചിന്റെ പരാജയം മനുഷ്യന് മനസ്സിലാകും. നല്ല അഭിഷേകം പ്രാപിച്ചാൽ, തിരുവെഴുത്തുകളിലും തിരുസംഭവങ്ങളിലും വിശ്വാസം വർദ്ധിച്ച്, പിശാചിനെ, മനുഷ്യനിൽ നിന്നും അവന്റെ തൊഴിലുകളിൽ നിന്നും ആരോഗ്യാദി അത്യാവശ്യങ്ങളിൽനിന്നും പുറത്താക്കുവാനും മനുഷ്യന് തീർച്ചയായും കഴിയും എന്നത് നാം അറിയുന്നതുപോലെ പിശാചും അറിയുന്നു.

യേശു സാത്താന്റെ മേൽ ജയം എടുത്തിട്ടുണ്ട്. അത് പറഞ്ഞ് നാം കയ്യും കെട്ടിയിരിക്കാൻ പാടില്ല. നൂറ് ശതമാനവും വചനത്തിലും കൃപാവരങ്ങളിലും ആശ്രയിച്ച്, ആത്മമണ്ഡലത്തെ ഉയർത്തി ആത്മാവിൽ ശക്തിപ്പെട്ട്, പിശാച് പിടിച്ചുവെച്ചിരിക്കുന്ന പ്രദേശങ്ങളേയും ആരാധനാ കേന്ദ്രങ്ങളേയും മനുഷ്യരേയും വിടുവിച്ച് അവന്റെ രാജ്യത്തെ കൊള്ളയടിക്കുക തന്നെ വേണം. ഈ ആത്മീയ യുദ്ധം ഏതൊരു വിശ്വാസിയുടേയും (ക്രിസ്ത്യാനി) പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ്.

എഫേ.6:10-മുതലുള്ള തിരുവെഴുത്തുകൾ താഴെപ്പറയും പ്രകാരമാണ്. "ഒടുവിൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോട് എതിർത്ത് നിൽപ്പാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. നമുക്ക് പോരാട്ടമുള്ളത് ജഢരക്തങ്ങളോടല്ല, വാഴ്ചകളോടും, അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ" (എഫേ.6:10,11,12).

ഏതൊരു സഭയുടേയും നേതൃനിര ബലഹീനമാകുമ്പോൾ സാത്താൻ, അണികൾക്ക്, തീവ്രശോധനകൾക്കുള്ള കളം ഒരുക്കും. ഏതൊരു ദൈവപൈതലിന്റേയും ജീവിതം ഞെരുക്കങ്ങളാലും, രോഗത്തകർച്ചകളാലും, സാമ്പത്തികമണ്ഡലത്തിലെ കടം വാങ്ങലുകളാലും, ആത്മഹത്യാ ചിന്തകളാലും നിറയ്ക്കും പിശാച്. സഭയിലെ അണികൾ, പ്രാർത്ഥനാ ജീവിതത്തിൽ തളരുകയും പാപത്തിലും കുറ്റപ്പെടുത്തലുകളിലും, മൊബൈൽഫോൺ മുതൽ മുതിർന്ന സോഷ്യൽ മീഡിയാ ഉപയോഗിച്ചുകൊണ്ടുള്ള വചനത്തിനെതിരേയുള്ള ശുശ്രൂഷകൾ നടത്തുകയും ചെയ്യുമ്പോൾ നേതൃനിരയും തളരുവാനിടയാകും.

നേതൃനിരയെ തകർക്കാവുന്നിടത്തോളം സാത്താൻ തകർക്കും. വിശ്വാസികളുടെ സമൂഹത്തെ ഒതുക്കാവുന്നിടത്തോളം അവൻ ഒതുക്കും. പിശാചിന് ഇത് നേരിട്ട് ചെയ്യാൻ കഴിയാത്ത സാഹചര്യങ്ങളിൽ നേതൃനിരയിലെ അപൂർവ്വ കൃപാവര സിദ്ധിയുണ്ടെന്ന് കരുതുന്ന ചിലരുടെ "ഊതിവീഴ്ത്തൽ, പ്രോസ്പിരിറ്റി തിയോളജിയുടെ പെരുപ്പിച്ചുള്ള ശുശ്രൂഷകൾ, ഇന്നാ പിടിച്ചോ അഭിഷേകം" ഇപ്പോൾത്തന്നെ വീടും, പറമ്പും, ജോലിയും, വിവാഹവും, ആരോഗ്യവും തുടങ്ങിയവയും "പ്രെയിസ് ആൻഡ് വർഷിപ്പ് വിത്ത് ഡാൻസിംഗ് മെത്തേഡ്" തുടങ്ങിയ അത്യാകർഷങ്ങളായ ശുശ്രൂഷകളും മുതലാക്കി സാത്താൻ അവന്റെ ജോലി തുടരും. അഭിഷേകത്തിരത്തള്ളൽ എന്നത് മനുഷ്യ ശരീരമിട്ട് ശക്തമായി ഇളക്കുന്നതാണെന്നും, അന്യഭാഷയെന്നത് ലഭിച്ച അക്ഷരങ്ങൾ ആവർത്തിച്ചു പറയുന്നതാണെന്ന് ധരിപ്പിച്ചും സാത്താൻ തന്നെ അവന്റെ അടിമകളാക്കി "ക്രിസ്തീയഗോളത്തെ" തകർത്തുകൊണ്ടിരിക്കുകയാണ്. "പൗരോഹിത്യഗോളത്തെ" കർമ്മമണ്ഡലത്തിലും നല്ല പോലെ സമ്പത്തുണ്ടാക്കി ഉയർത്തുന്ന പടുകൂറ്റൻ പള്ളിക്കെട്ടിട നിർമ്മാണങ്ങളിലും വചനവിരു

ശേഷം 4-ാം പേജിൽ




ക്രിസ്തുയേശുവിന്റെ ജനനത്തിന്റെ വംശാവലിപ്പട്ടികയിൽ മത്താ.1:1-മുതലുള്ള വാക്യങ്ങളിൽ അബ്രഹാമിന്റെയും ദാവീദിന്റെയുമൊക്കെ കാര്യങ്ങൾ പറയുന്നുണ്ട്. രണ്ടുപേരെയും നീതീകരിച്ചതായിട്ടാണ് നമുക്ക് അതു വായിക്കുമ്പോൾ മനസ്സിലാകുന്നത്. യഹൂദജാതികളുടെ പിതാവായി മാറിയ അബ്രഹാം ദൈവത്തിന്റെ സ്നേഹിതനെന്നു പോലും വിളിക്കപ്പെട്ടു എന്ന് യാക്കോ. 2:23-ൽ പറയുന്നുണ്ട്. അബ്രഹാമിന് വളരെ വലിയ പ്രാധാന്യമാണ് കൊടുത്തിരിക്കുന്നത്. അതുകൊണ്ട് 4-ാം അദ്ധ്യായം തുടങ്ങുമ്പോൾ തന്നെ "എന്നാൽ നമ്മുടെ പൂർവ്വപിതാവായ അബ്രഹാം ജഡപ്രകാരം എന്തു പ്രാപിച്ചു, എന്ന് പറയേണ്ടൂ"? എന്ന് ആശ്ചര്യത്തോടുകൂടി ചോദിക്കുകയാണ് എഴുത്തുകാരൻ. പൗലോസിന് പ്രിയങ്കരമായ ഒരു ശൈലിയാണ് നാം എന്തു പറയേണ്ടൂ എന്നത്. അത് ഈ ബുക്കിൽ 4:1-ലും 6:1-ലും 7:7-ലുമൊക്കെ കാണാം. ഇവിടെ പൗലോസ് ശ്ലീഹായുടെ രചനാചാതുരിയേക്കുറിച്ചാണ് നമ്മൾ കാണുക. യഹൂദന്മാർ അബ്രഹാമിനെ തങ്ങളുടെ പിതാവായി അവകാശപ്പെടുത്തിയ കാര്യത്തിൽ ഒരു എഴുത്തുകാരന്റെ ശൈലിയിൽ അങ്ങനെ കൂടെക്കൂടെ ചോദിക്കുകയാണ്. പൂർവ്വപിതാവെന്ന പദം പുതിയനിയമത്തിൽ ഇവിടെ മാത്രമാണ് അബ്രഹാമിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. അവന്റെ ആത്മീയപിതൃത്വത്തിൽ നിന്ന് വ്യത്യസ്തമായി അവന്റെ ഭൗതീകപിതൃത്വത്തെയും ഇവിടെ തിരിച്ചറിയുകയാണ്. നമ്മുടെയെല്ലാം പൂർവ്വപിതാവാണ് അബ്രാഹം എന്നു പറയുമ്പോൾ ആത്മീയ പിതാവാണ്. എന്നാൽ ആ തലമുറയുടെ ഇങ്ങോട്ടുള്ള ജഢികപിതാവും കൂടിയാണ് അദ്ദേഹം. ഇവിടെ ജഢപ്രകാരം എന്തു പ്രാപിച്ചു എന്നു ചോദിക്കുമ്പോൾ ഒടുവിലത്തെ അർത്ഥം സ്വീകരിക്കുകയാണെങ്കിൽ അബ്രഹാം പ്രവർത്തികളാൽ എന്തു പ്രാപിച്ചു എന്നാണ്. അബ്രഹാം എങ്ങിനെ പ്രവർത്തികളാൽ നീതീകരിക്കപ്പെട്ടു എന്ന ചോദ്യം ഇവിടെ വരികയാണ്. അതിന് ഉദാഹരണം എന്നോണം 3-ാം വാക്യത്തിൽ തിരുവെഴുത്ത് എന്തു പറയുന്നു എന്ന് മറു ചോദ്യം ചോദിച്ചിരിക്കുന്നു. ശുശ്രൂ

ശേഷം 5-ാം പേജിൽ

From verses Mathew 1:1when told about Jesus Christ's genealogy it is told about Abraham and David. When we read this we understand that both are made to be righteous.

James 2:23 says Abraham believed God, and it was accounted to him for righteousness. And he was called the friend of God. Abraham is given a great importance. That is why the very beginning of the 4th chapter the writer asks with wonder "What then shall we say that Abraham our father has found according to the flesh?" That can be seen in this book in 4:1, 6:1, and 7:7 also. Here we are seeing apostle Paul's writing and his skillful writing. As a writers style he is repeatedly asking as Jews claimed Abraham to be their father. This is the only place where the term forefather is used in the New Testament. We are recognizing the earthly paternal father as against the spiritual paternal father. When it is said that he is our forefather, that means that he is our spiritual father. But he is also the earthly father for the generation from his time. Here when it is asked what he found according to flesh if you see the last meaning it means what did he achieve because of his deeds? The question how was Abraham made righteous arises here. As an example of this in the 3rd verses what does the scripture say? If you are a worship leader and you and are in the first series, second series, third series, if you are in one of the series then if somebody comes and asks you a doubt, when the situation of taking the

## ഉള്ളടക്കം

ആത്മീയയുദ്ധം 02
റോമാലേഖനം ഒരവലോകനം 03
യേശു എനിക്ക് അനുഭവമായപ്പോൾ 06
അലർജിരോഗം മാറി 30
കർത്താവ് എന്നെ സ്പർശിച്ചു 14
കുവൈറ്റിൽ നിന്നും ഒരു സാക്ഷ്യം 22
കൃപയാൽ കുഞ്ഞിനെ കിട്ടി 27
വാർത്തകൾ 34
പ്രോഗ്രാം ചാർട്ട് 35

# ആത്മീയയുദ്ധം

Apostle: Devasia Mullakkara

2-ാം പേജിൽ നിന്നും തുടർച്ച

ദ്ധമായ ആർഭാടങ്ങളിലും ലയിപ്പിക്കുന്നതിൽ അവൻ വിജയശ്രീലാളിതനായിക്കഴിഞ്ഞു.

വെളിപ്പാടുകളാലാണ് സാത്താനെതിരേയുള്ള ആത്മീയ പോരാട്ടം ജയിക്കുക. പക്ഷെ ഈ വെളിപ്പാടുകൾ, വചനവ്യവസ്ഥയിൽ, അടിസ്ഥാനമിട്ടതായിരിക്കണം. ദർശനപ്രവചനകൃപാവരങ്ങൾ നാം ഉപയോഗിക്കുമ്പോൾ സ്ത്രീപുരുഷന്മാരുടെ ഏതെങ്കിലും ലൈംഗിക അപക്വതകൾ ചൂണ്ടിക്കാണിക്കുവാൻ മാത്രമല്ല പരിശുദ്ധാത്മാവിരിക്കുന്നത്. ചില, വീടിന്റെ ചുവരോ അകത്തെ മുറികളോ വാഴയോ റബ്ബറോ നിൽക്കുന്ന ഇടമോ കൃത്യമായ ദർശനങ്ങളാൽ നൽകാനിടയായാൽ അത് വെളിപ്പെടുത്തുന്നതാണ് ശുശ്രൂഷയുടെ മഹത്വം എന്നൊന്നും ധരിച്ച് വശാകണ്ട. ഏതെങ്കിലും വസ്തുവകകളിൽ ചെന്നു പ്രാർത്ഥിച്ചോ കേട്ടു പ്രാർത്ഥിച്ചോ, പറയുന്ന ദൂത് 6 ദിവസങ്ങൾക്കുള്ളിൽ പറഞ്ഞതുപോലെ സംഭവിക്കുമ്പോൾ, ആ അനുഭവം കിട്ടിയവരിലേക്ക് ജനം അടുക്കുക സ്വാഭാവികം. ആ ജനത്തിലേക്ക്, കൂട്ടായ്മകളിലേക്ക് ആളുകളെ കൂട്ടിച്ചേർക്കുവാനുള്ള ശ്രമം ജയിക്കുകയും "മുഴുത്ത സംഖ്യകൾ" കിട്ടുക എന്നതും തികച്ചും സ്വാഭാവികം മാത്രം. അതൊക്കെയാണ് കരിസ്മാറ്റിക്-പെന്തക്കോസ്ത്- നവപെന്തക്കോസ്ത് മണ്ഡലങ്ങളിൽ ഇന്നു നടക്കുന്നത്. വരാൻ പോകുന്ന വണ്ടിയപകടങ്ങളേക്കുറിച്ചൊക്കെ ദൂത് കൊടുത്തെന്നും വരാം. ദൈവജനത്തിന് മാനസാന്തരമുണ്ടാകാൻ കൃപാവരങ്ങൾ ഉപയോഗിക്കണ്ട എന്നല്ല എഴുതുന്നത്. എന്നാൽ ദൈവജനത്തിന് മാനുഷികനന്മകൾ വർദ്ധിച്ച് ലഭിക്കത്തക്കവണ്ണമുള്ള "ശുശ്രൂഷാവരദാനങ്ങളുടെ സംഭരണശാലയായി" സാത്താൻ കൃപാവരശുശ്രൂഷകരെ രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അത്തരം ടീമുകളുടെ പേരിൽ അവർ ലോകം മുഴുവനും സഭാര്യരായി ചുറ്റിസഞ്ചരിച്ചും കാസറ്റും ബുക്കുകളും വിറ്റും പെരുക്കിയും സംഘടിപ്പിക്കുന്ന ധനാഗമനമാർഗ്ഗങ്ങളും ഏതെങ്കിലും ബിഷപ്പുമാരോടും മറ്റും ചേർന്നു നിന്നാൽ പക്കായായി കണക്കും കാര്യങ്ങളും സർക്കാരിന് കൊടുക്കാതിരിക്കാം എന്ന കണ്ടെത്തലുകളുമൊക്കെ അത്തരം കേന്ദ്രങ്ങളെ പിശാചിന്റെ ശ്മശാനഭൂമിയാക്കി അവൻ മാറ്റുകയാണെന്ന് അവർ അറിയുന്നില്ല.

സാത്താൻ നേതൃനിരയ്ക്ക് കെണി വെച്ചിരിക്കുന്നു. വചനവ്യവസ്ഥയിലെ, "മാനസാന്തപ്പെട്ട് അതിന്റെ ഫലങ്ങൾ പുറപ്പെടുവിച്ച്, "വീണ്ടും ജനനത്തിന്റെ" അനുഭവതലങ്ങളിൽ നിന്നും ജീവിതവിശുദ്ധിയുടെ ആന്തരിക മണ്ഡലങ്ങളിലേക്കുയരാത്ത വിധത്തിലുള്ള ആത്മീയ "ബർജർ നൂഡിൽസ് തീറ്റയുടെ ശുശ്രൂഷയും അവൻ തടിപ്പിച്ച് വളർത്തിക്കൊണ്ടിരിക്കുകയാണ്.

ഞങ്ങൾക്ക് വചനമൊക്കെ അറിയാം, നിങ്ങളതൊന്നും പറഞ്ഞ് സമയം കളയണ്ട എന്നൊരു കൂട്ടർ. കൂടുതൽ മണിക്കൂറുകൾ നല്ല ആരാധന ഉള്ളിടം തേടി ഞങ്ങൾ നടക്കുകയാണ് എന്ന് വേറൊരു കൂട്ടർ.

അവിടെയെവിടെയാണ് ദൂത്, ഞങ്ങൾക്ക് ദൂതുകൾ വേണമെന്ന് മറ്റൊരു കൂട്ടർ. വചനവ്യവസ്ഥയാണോ സ്വർഗ്ഗം തരുന്നത്, ദൂതുകൾ ലഭിച്ചാലല്ലേ മനുഷ്യന് അനുദിന ജീവിതത്തിന് അത് പ്രയോജനകരമാവൂ എന്ന് മറ്റൊരു തരക്കാർ. ഏതെങ്കിലും ഒരു മീറ്റിംഗിൽ രോഗശാന്തി കിട്ടിയവരേയും, സാത്താനിൽ നിന്ന് വിടുതൽ പ്രാപിച്ചവരേയും, മറ്റൊരു മീറ്റിംഗിൽ രഹസ്യമായി സംബന്ധിപ്പിച്ച് "ഇതാ ഈ അടയാളങ്ങളോട് കൂടിയ ആൾക്ക് വമ്പിച്ച വിടുതൽ" എന്ന് വിളിച്ചു കൂവി വെളിപ്പാടില്ലാത്തിടത്ത് വെളിപ്പാട് ഉണ്ടെന്നു വരുത്തി സ്ഥാനമാനങ്ങൾ ഉയർത്താനും ജനക്കൂട്ടത്തെ ആകർഷിക്കാനും ശ്രമിക്കുന്നവർ മറ്റൊരു ഭാഗത്ത്. ഇവയെല്ലാം സാത്താന്റെ അട്ടിമറി വിജയങ്ങളാണ്.

I. യേശുക്രിസ്തുവിന് (ദൈവത്തിന്) പറയാനുള്ളതിതാണ്: "നിങ്ങൾ പോകുമ്പോൾ: സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് ഘോഷിപ്പിൻ. രോഗികളെ സൗഖ്യമാക്കുവിൻ; മരിച്ചവരെ ഉയിർപ്പിപ്പിൻ; കുഷ്ഠരോഗികളെ ശുദ്ധമാക്കുവിൻ; ഭൂതങ്ങളെ പുറത്താക്കുവിൻ; സൗജന്യമായി നിങ്ങൾക്കു ലഭിച്ചു സൗജന്യമായി കൊടുപ്പിൻ" (മത്താ.10:7,8).

II. ആദിമക്രൈസ്തവസഭ എങ്ങനെയായിരുന്നുവെന്നോ!!! "എല്ലാവർക്കും ഭയമായി; അപ്പൊസ്തലന്മാരാൽ ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു. വിശ്വസിച്ചവരെല്ലാവരും ഒരുമിച്ചിരുന്നു സകലവും പൊതുവക എന്നെണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റ് അവനവന് ആവശ്യമുള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും ഒരുമനപ്പെട്ട് ദിനം പ്രതി ദേവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ട് ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കുകയും സകല ജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തു. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനം പ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു" (അപ്പൊ.2:43-47).

യേശുക്രിസ്തു എന്ത് പഠിപ്പിച്ചുവോ അതാണ് ശുശ്രൂഷയുടെ നേതൃനിരയും ദൈവജനവും അനുകരിക്കേണ്ടത്. ഒപ്പം, ആദിമസഭയിൽ അപ്പൊസ്തലന്മാർ വഴി എന്തൊക്കെ നടന്നു എന്നും നാം പഠിക്കണം. അവയൊക്കെ നാം ആവിഷ്ക്കരിക്കണം.

പുതിയ "സാന്റ്‌വിച്ച് കൾച്ചർ" അഭിഷേകത്തള്ളൽ എന്ന പേരിൽ നടത്തി കയ്യടി വാങ്ങാൻ ശ്രമിക്കുന്നവരേ, നിങ്ങളോട് കർത്താവ് ഇങ്ങനെ പറയും. "അവർക്കു പ്രതിഫലം കിട്ടിപ്പോയി". (മത്താ.6:2,6)

കർത്താവ് തന്ന കൃപാവരങ്ങളെ വെള്ളം ചേർക്കാതെ ഉപയോഗിക്കുന്നതും, തരാത്തത് ഉണ്ടെന്ന് കരുതാത്തതുമാണ് **'ആത്മാവിൽ ദരിദ്രത'** (മത്താ.5:3)

**ആത്മീയപോരാട്ടം എന്നതിന്റെ അടിസ്ഥാനങ്ങൾ.**

1. അനുതാപത്തിന്റേയും, മാനസാന്തരത്തിന്റേയും, വീണ്ടുംജനനത്തിന്റേയും ആത്മമണ്ഡലത്തിൽ കാലുറപ്പിച്ചു നിന്ന്, വചനവ്യവസ്ഥയ്ക്കനുസരണമായി ജീവിച്ച്, പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളെ വിശ്വാസത്താൽ പ്രാർത്ഥിച്ച് സമ്പാദിച്ച്, നല്ല സാക്ഷ്യത്തോടെ അവയെ ഉപയോഗിച്ച് ദൈവരാജ്യത്തെ ഇവിടെ പരത്തുക.
2. ദൈവരാജ്യം പടരുമ്പോൾ ലോക-സാത്താന്യ- ജഢരാജ്യ ബന്ധങ്ങൾ തകരുക തന്നെ ചെയ്യും.
3. ഏറ്റവും അടുത്തിരിക്കുന്ന ക്രിസ്തുവിന്റെ അടുത്തവരവും വചനവ്യവസ്ഥയനുസരിച്ച് അറിയിക്കുക.

ഇതാണ് **ആത്മീയയുദ്ധം** ●

3-ാം പേജിൽ നിന്നും തുടർച്ച

തിരുവെഴുത്ത് പറയുന്നതും ദൈവാത്മാവ് പറയുന്നതും എന്താണെന്ന് നാം അറിഞ്ഞിരിക്കണം. തിരുവെഴുത്തിലെന്തുണ്ടോ അതിനനുസരിച്ചുള്ള ആശയമെ പരിശുദ്ധാത്മാവ് നൽകുകയുള്ളു. തിരുവെഴുത്തിനേക്കുറിച്ച് സംശയങ്ങൾ വരുന്നവർക്ക് പരിശുദ്ധാത്മാവു തരുന്ന ദർശനങ്ങൾക്കും പ്രവചനങ്ങൾക്കും തെറ്റു സംഭവിക്കും. പരിശുദ്ധാത്മാവു തരുന്നതിലല്ല തെറ്റു സംഭവിക്കുക. നമുക്കത് കിട്ടി, എന്നാൽ അതിന്റെ വ്യാഖ്യാനത്തിൽ എന്തെങ്കിലും പ്രശ്നങ്ങൾ വരാം. തിരുവെഴുത്ത് നന്നായി അറിയണം. അതുകൊണ്ടാണ് 4-ാം അദ്ധ്യായത്തിൽ തിരുവെഴുത്ത് എന്തു പറയുന്നുവെന്ന് ചോദിക്കുന്നത്.

നമ്മൾ നൂറു ശുശ്രൂഷകരുണ്ടെങ്കിൽ തൊണ്ണൂറുപേരും പരിശുദ്ധാത്മാവ് അങ്ങനെ കാണിക്കുന്നു ഇങ്ങനെ കാണിക്കുന്നുവെന്ന് പറയുന്നവരാകാം. ഭാഗികമായി അതെല്ലാം ശരിയായിരിക്കാം. എന്നാൽ തിരുവെഴുത്ത് എന്തു പറയുന്നു എന്നറിഞ്ഞ പത്ത് ശുശ്രൂഷകർ ഉണ്ടെങ്കിൽ അവർക്ക് പരിശുദ്ധാത്മനിവേശനവും കിട്ടിയതാണെങ്കിൽ അതിൽ തെറ്റുപറ്റുകയില്ല. ഇതുകൊണ്ടാണ് വിവിധ പെന്തക്കോസ്ത് ചർച്ചുകളിലെ ചേച്ചിമാർ പ്രവചനവുമായി വരുമ്പോൾ പലരും അതിനെ അംഗീകരിക്കയില്ലാത്തത്. പെന്തക്കോസ്ത് ചർച്ചുകളിൽ ഒരു കഥപോലെ പഴയനിയമം മാത്രം പഠിക്കുന്നവർ ദൂതുമായി വരുമ്പോൾ ദൈവം പോലും അതിനെ അംഗീകരിക്കാത്തത് പുതിയനിയമ തിരുവെഴുത്തുകളിൽ എന്തു പറയുന്നുവെന്നത് നേരെ ചൊവ്വേ പഠിക്കാത്തവരായതുകൊണ്ടാണ്. ഇവിടെ പൗലോസ്ശ്ലീഹാ ഉദ്ധരിക്കുന്നത് ഉൽപ.15:6-ാം വാക്യത്തെയാണ്. അത് ശരിക്കും പഴയനിയമത്തിന്റെ നാരായ വേരുകളിലൊന്നാണ്. "അവൻ യഹോവയിൽ വിശ്വസിച്ചു. അത് അവൻ അവന് നീതിയായി കണക്കിട്ടു" എന്നെഴുതിയിരിക്കുന്നു. ഇവിടെ അബ്രഹാമിനെക്കുറിച്ച് ഒന്നു ചിന്തിച്ചാൽ, ഒരു പുത്രനെങ്കിലും ഉണ്ടോ ? ഇല്ല. ഒരു പുത്രൻ ജനിക്കാൻ സാദ്ധ്യതയുണ്ടോ ? അതുമില്ല. നിന്റെ സന്തതി ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയാകുമെന്ന് ഇത്രയും പ്രായമുള്ള മനുഷ്യരോട് ആരെങ്കിലും വാഗ്ദാനം ചെയ്താൽ അത് പറയുന്ന ആളിനും കുഴപ്പം, കേൾക്കുന്ന ആളിനും കുഴപ്പം എന്നല്ലേ തോന്നുക. അബ്രഹാം പക്ഷെ ദൈവവചനത്തെ മുഖവിലക്കെടുത്തു. ഈ അദ്ധ്യായത്തിൽ പതിനൊന്നു പ്രാവശ്യം ദൈവം അവനോടു പറഞ്ഞത് വിശ്വസിച്ചത് നീതിയായി കണക്കിട്ടു എന്നുണ്ട്. പൗലോസിന്റെ ലേഖനങ്ങളിൽ മുപ്പത്തിയഞ്ച് പ്രാവശ്യം "നീതിയായി കണക്കിടുക" എന്ന വാക്യമുണ്ട്. നാൽപ്പത്തിയൊന്ന് പ്രാവശ്യം 'കണക്കിട്ടു' എന്ന് പുതിയനിയമത്തിലുണ്ട്. എന്തുമാത്രം പ്രാധാന്യമുള്ളതുകൊണ്ടാണ്


editorial board

ചീഫ് എഡിറ്റർ:
ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ:
പാ: ജോയിച്ചൻ
പാ: അബ്രാഹം , പാ: ജോർജ്ജ്
പാ:സോജൻ, പാ: യേശുദാസ്
പാ: മാത്യൂ, പാ: ജോണി
ആർട്ടിസ്റ്റ് : ജോസഫ് ഫ്രാൻസിസ്
ഡി.റ്റി.പി : സ്നേഹ ജോയിച്ചൻ
ഇംഗ്ലീഷ് പരിഭാഷ: സംഗീത ചെന്നൈ
സ്റ്റിൽസ്: രഞ്ചിത്ത് പള്ളിച്ചൽ
ലേഔട്ട് & ഡിസൈൻ
ജീമോൻ





Spirit will only give you what is being given in the scripture. For those who have doubts about the scripture the visions and the prophecy given by the Holy Spirit will be wrong. It is not what Holy Spirit gives which is wrong. We got it but in the interpretation of that we might have some problems. You should know the scripture well. That is why it is asked what the 4th chapter says.

Among us hundred worship leaders, almost ninety of them will be the people who say Holy Spirit showed like this, Holy Spirit showed like that. Partially it might be right. The ten worship leaders who know what is being told in the scripture, in whom the Holy Spirit dwells there will not be mistake. This is why when in certain Pentecost church when the sisters come with prophecy most of them want accept it. When those in Pentecost churches where only the Old Testament is taught like a story, from there when they come with the message, then God also do not accept them because they have not learned what has been told in the New Testament properly. Here what Apostle Paul tells is that of Genesis15:6 that is actually one of the fibrous root of Old Testament. "And he believed in the LORD, and He accounted it to him for righteousness." Here if you really think about Abraham, does he even has a child? No. Is there a chance of a son being born? No that also is not there. When someone promises to this old man would not somebody might think that there is something wrong with the person who says this or who hears this.



എന്റെ പേര് ബെന്നി. ഞാൻ കണ്ണൂർ ജില്ലയിൽ നടുവിൽ എന്ന സ്ഥലത്തിനടുത്ത് മണ്ടളത്ത് താമസിക്കുന്നു. എനിക്ക് യേശു ഇന്നും ജീവിക്കുന്നു എന്നത് ഏറ്റവും അനുഭവമായത് എന്റെ തന്നെ ഈ ജീവിതാനുഭവത്തിലൂടെയാണ്. 15 ദിവസങ്ങൽക്കു മുമ്പ് ഞാൻ റബ്ബർ വെട്ടാൻ പോകുമ്പോൾ തെന്നിവീണ് കാൽ ഒടിഞ്ഞിരുന്നു. തളിപ്പറമ്പ് സഹകരണ ആശുപത്രിയിൽ 6 ദിവസം കിടന്നു. അതിനുശേഷം പ്ലാസ്റ്ററിട്ട് വീട്ടിൽ കാൽ വെയിറ്റ് ഇട്ട് കിടക്കുകയായിരുന്നു. 3 മാസം തുടർച്ചയായി അങ്ങനെ കിടക്കണമെന്നാണ് ഡോക്ടർ പറഞ്ഞത്. അങ്ങനെയിരിക്കുമ്പോഴാണ് കണ്ണൂർ ജില്ലയിൽ ചെറുപുഴയ്ക്കടുത്ത് പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമത്തിൽ കൃപാവരങ്ങൾ ഉപയോഗിച്ച് ഇന്ന് അതിശക്തമായി കേരളത്തിലും ഇന്ത്യക്കുവെളിയിലും ഒക്കെ ശുശ്രൂഷ ചെയ്ത് അനേകരെ ദൈവത്തിലേക്ക് അടുപ്പിക്കുന്ന ബഹു.ദേവസ്യാസാറിന്റെ വചനശുശ്രൂഷ നടക്കുന്നുണ്ടെന്നറിഞ്ഞത്. ഇത് എന്റെ ദൈവമായ കർത്താവ് എനിക്കുവേണ്ടിത്തന്നെ ഒരുക്കിയതാണെന്ന് ഞാൻ വിശ്വസിച്ചു. ഈ ധ്യാനത്തിൽ പങ്കെടുത്താൽ എനിക്ക് തീർച്ചയായും ഡോക്ടർമാർ പറഞ്ഞ മൂന്നുമാസമൊന്നും വേണ്ട വെറും മൂന്ന് മിനിറ്റുകൊണ്ട് ഒടിഞ്ഞ കാലിന്റെ അസ്ഥികളെ കർത്താവ് ചേർക്കുമെന്ന് വിശ്വസിച്ചുകൊണ്ട് വളരെ കഷ്ടപ്പെട്ട് ഞാൻ പുളിങ്ങോത്ത് എത്തി. ആത്മാവിൽ ബോധ്യം കിട്ടിയ സാർ ഞാൻ ഇരിക്കുന്നിടത്ത് വന്ന് എന്നോടു കാര്യങ്ങൾ ചോദിച്ചറിഞ്ഞു. അതിനുശേഷം എല്ലാവരുംകൂടി എന്നെ എടുത്തുകൊണ്ടുപോയി സ്റ്റേജിൽ ഇരുത്തി. അവിടെവെച്ച് സാർ പ്രാർത്ഥിക്കുകയും അപ്പോൾ തന്നെ എന്റെ കാലിലെ പ്ലാസ്റ്റർ മുറിച്ചുമാറ്റുകയും ഞാൻ നല്ലതുപോലെ നടക്കുകയും ചെയ്തു. ഇപ്പോൾ എനിക്കു മനസ്സിലായി ഈ കർത്താവ് ആദിമനൂറ്റാണ്ടിൽ മാത്രമല്ല ഇപ്പോഴും അത്ഭുതങ്ങൾ ചെയ്തുകൊണ്ടേയിരിക്കുന്നു. ഇത് വായിക്കുന്ന നിങ്ങളും ഈ കർത്താവിനെ അറിയുവാൻ വൈകരുതേ........എന്തതിശയമേ ദൈവത്തിൻ സ്നേഹം.....എത്ര മനോഹരമേ.......

ബെന്നി.

മണ്ടളം. കണ്ണൂർ PH: 9544720741

## റോമാലേഖനം ഒരവലോകനം EPISTLE OF ROMANS A REVIEW

അങ്ങനെ ചെയ്യുന്നത്. നീതിയായി കണക്കിട്ടു എന്നതാണ് നീതീകരണത്തിന്റെ ഒരു പ്രധാന വശം. നമ്മളൊന്നും ചെയ്തിട്ടല്ല; ദൈവത്തിന്റെ വചനത്താലും യേശുക്രിസ്തുവിലുള്ള വിശ്വാസത്താലുമാണ് നീതീകരണം സംഭവിക്കുന്നത്. ഇത് മനുഷ്യരുടെ സ്വാഭാവികമായ ബുദ്ധിക്ക് മനസ്സിലാകുന്ന കാര്യമല്ല. ഗലാ.3:6–ൽ പറയുന്നു "അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അവൻ അവന് നീതിയായി കണക്കിട്ടു".

ഇനി അബ്രഹാമിന് കുഞ്ഞുണ്ടായ ചരിത്രത്തിലേക്കു വരാം. അബ്രാഹാമും ഭാര്യയും വളരെ പ്രായമുള്ളവരായതുകൊണ്ട് അവർക്ക് ഒരു കുഞ്ഞുണ്ടാകുവാൻ ഒരു സാധ്യതയുമില്ലായിരുന്നു. പക്ഷെ അദ്ദേഹം ദൈവത്തിൽ അല്ലെങ്കിൽ യേശുക്രിസ്തുവിൽ വിശ്വസിച്ചു. വിശ്വസിച്ചു എന്നത് നീതിയായി പരിഗണിക്കപ്പെട്ടു. നാം വിശ്വസിക്കണം. എന്റെ ചർച്ചിൽ അഞ്ഞൂറ് ആളുകൾ വരാൻ പോകുന്നു. എന്റെ ചർച്ചിൽ അഞ്ച് പാസ്റ്റർമാർ ജനിക്കാൻ പോകുന്നു. ആരെങ്കിലും പറയുന്നതുകൊണ്ട്




അത് കിട്ടാൻ പോകുന്നതല്ല. ദൈവത്തിൽ നൂറ് ശതമാനവും വിശ്വസിക്കുന്നതുകൊണ്ട് ആ വിശ്വാസത്തെ നീതിയായി ദൈവം കണക്കിടുകയാണ്. ആ വിശ്വാസത്തിന്റെ ആധിക്യത്തെയാണ് ദൈവം നോക്കുന്നത്.

എന്നാൽ യാക്കോബ് ശ്ലീഹാ തന്റെ ലേഖനത്തിൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നത് പ്രവർത്തികളാലാണെന്ന് സമർത്ഥിച്ചിട്ടുണ്ട്. അത് സമർത്ഥിച്ചിരിക്കുന്നതിന് അർത്ഥവ്യത്യാസവുമുണ്ട് യാക്കോബ് 2-ന്റെ 19 മുതലുള്ള തിരുവെഴുത്തിൽ ഇങ്ങനെ പറയുന്നു "ദൈവം ഏകനെന്ന് നീ വിശ്വസിക്കുന്നുവോ. കൊള്ളാം പിശാചുക്കളും അങ്ങനെ വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു". അതായത് പിശാചുക്കൾക്കും ഉണ്ട് ദൈവം ഏകനാണെന്ന വിശ്വാസം. പക്ഷെ പിശാച് ഒരിക്കലും ദൈവത്തെ അനുസരിക്കുന്നില്ല. നിങ്ങൾക്കും എനിക്കും വിശ്വാസം ഉണ്ടെന്ന് പറയുമ്പോഴും പിശാചുക്കൾക്കുള്ളതുപോലെയുള്ള ഒരു വിശ്വാസമാണെങ്കിൽ അതുകൊണ്ട് പ്രയോജനമില്ല. അതുപോലെ നമുക്കും ദൈവത്തിൽ നല്ല വിശ്വാസമാണ്. പക്ഷെ ആ വിശ്വാസത്തിന് യോജിച്ചവിധത്തിൽ നമ്മൾ കാര്യങ്ങൾ ചെയ്യില്ല . ഏകദൈവമേ ഉള്ളുവെന്ന് പിശാച് അറിയുന്നു. ഏകദൈവമേ ഉള്ളുവെന്ന് വിശ്വാസിയും അറിയുന്നു. പിശാച് ദൈവത്തിന്റെ വചനത്തെ അനുസരിക്കുന്നില്ല. വിശ്വാസിയും ദൈവത്തിന്റെ വചനത്തെ അനുസരിക്കുന്നില്ലെങ്കിൽ രണ്ടുപേരും ഒരു പോലെയല്ലേ, എന്താണ് പിശാചുമായി വ്യത്യാസം ? 20-ാം വാക്യത്തിൽ "വ്യർത്ഥമനുഷ്യാ, പ്രവർത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്ന് ഗ്രഹിപ്പാൻ നിനക്ക് മനസ്സുണ്ടോ" ? വിശ്വാസത്തിൽ നിന്നുള്ള ഒരു പ്രവർത്തിയാണ് വെള്ളത്തിൽ മുങ്ങി സ്നാനം എടുക്കലും, കർതൃമേശ ലളിതസുഭഗമായി സ്വീകരിക്കലും ഒക്കെ. കൂടാതെ വിശ്വാസത്തിൽ നിന്നുണ്ടാകുന്ന പ്രവർത്തിതന്നെയാണ് കടം മേടിച്ചിട്ടാണെങ്കിലും നിങ്ങളിൽ ഒരാൾക്ക് ഒരു സാമ്പത്തികസഹായം ചെയ്യുന്നത്, അഗതികൾക്കു വിശ്രമസ്ഥാനം ഒരുക്കുന്നത്, പീഢിതരെ ആശ്വസിപ്പിക്കുന്നത്, വിധവകൾക്ക് നീതി നടത്തിക്കൊടുക്കുന്നത് മുതലായവയെല്ലാം. വിശ്വാസത്തിന്റെ ബലിപ്പുരയിൽ നിന്നും, ബലിയർപ്പണങ്ങളിൽ നിന്നും ഉയരുന്ന സ്നേഹത്തിന്റെ വികിരണമായിരിക്കണം പ്രവർത്തി എന്നു പറയുന്നത്. സ്നേഹത്തിൽ നിന്നും ഉണ്ടാകുന്നതാണ് വിശ്വാസമെന്നതല്ല അതിന്റെ ശരി. വിശ്വാസത്തിൽ നിന്നും ഉയിർത്തെഴുന്നേൽക്കുന്ന വിശുദ്ധമായ ഒരു ഭാവമാണ് സ്നേഹം എന്നു പറയുന്നതാണ് ഏറ്റവും ശരി. ഒരു പുരുഷനെ ഒരു സ്ത്രീ വിശ്വസിക്കുന്നുവെങ്കിൽ അയാൾ അവളുടെ ഭർത്താവാകും. പരസ്പരം മനസ്സും ശരീരവും പങ്കുവയ്ക്കും. വിശ്വാസമില്ലെങ്കിൽ അവൾ പറയും വേണ്ട, ഒരു കുഞ്ഞുണ്ടായിക്കഴിഞ്ഞ് നിങ്ങൾ ഇട്ടേച്ചു പോയാലോ എന്ന്. എന്നാൽ അയാളിൽ അവൾക്കുള്ള നല്ല വിശ്വാസത്തിൽ നിന്ന് സ്നേഹമുയരും; സ്നേഹത്തിന്റെ പ്രവർത്തികളുമുണ്ടാകാം. യാക്കോബ് പറയുന്നു "വ്യർത്ഥമനുഷ്യാ, പ്രവർത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്നു ഗ്രഹി

But Abraham took God's word in face value. In this chapter there are eleven times mentioned that and he believed in the Lord and he accounted it to him for righteousness. In the book of Paul there are thirty five times "accounting righteousness" appears. In new testament the word 'accounted' appears forty one times. It is done so because it has so much importance. The important side of righteousness is that accounted righteous. The righteousness happens not because of anything which happened but because of God's words and because of the faith in Jesus Christ. This is not something which men will understand naturally. Galatians 3:6 says "just as Abraham "believed God, and it was accounted to him for righteousness."

Now let us come to the history where Abraham had a child. As both Abraham and his wife were old, their chances of having a child were nil. But he believed in God otherwise Jesus Christ. His faith was accounted as righteous. We should believe. Five Hundred people are going to come to my church. Five pastors are going to be born in my church. We are not getting this because somebody told us this. Because we have hundred percent faith in God, he is considering the faith as righteous. God is looking at the abundance of the faith. But Apostle James in his book has mentioned that man is righteous because of his deeds. That has a different meaning. In 2nd 19th verse says "You believe that there is one God. You do well. Even the demons believe—and tremble" That means even demons believe that there is only one God. But Satan never is obey God. When we say we have belief, if it is like the Satan's belief then there is no use of this belief. In the same way we




പ്പാൻ നിനക്കു മനസ്സുണ്ടോ? നമ്മുടെ പിതാവായ അബ്രഹാം തന്റെ മകനായ ഇസഹാക്കിനെ യാഗപീഠത്തിന്മേൽ അർപ്പിച്ചിട്ട് പ്രവർത്തിയാലല്ലോ നീതീകരിക്കപ്പെട്ടത്. അവന്റെ പ്രവർത്തിയോടുകൂടി വിശ്വാസം വ്യാപരിച്ചു എന്നും പ്രവർത്തിയാൽ വിശ്വാസം പൂർണ്ണമായി എന്നും നീ കാണുന്നുവല്ലോ"(2:20-22) ഇതിന്റെയർത്ഥം എന്താണ് ? അബ്രഹാം തന്റെ മകനായ ഇസഹാക്കിനെ ആഞ്ഞുവെട്ടി. ദൈവമോ ദൈവദൂതനോ തടഞ്ഞുകൊള്ളും എന്നു വിചാരിച്ചല്ല; ദൈവത്തോടുള്ള സ്നേഹം കൊണ്ടുമല്ല. ദൈവം പറഞ്ഞത് അനുസരിച്ചതുമല്ല. ദൈവത്തിലുള്ള ശക്തമായ വിശ്വാസമാണ്. കടപ്പുറത്തെ മണൽത്തരികൾ പോലെയും ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും എനിക്കു സന്തതിപരമ്പരയെ തരും എന്നു വാഗ്ദത്തം ചെയ്ത ദൈവം, ഈ ഒരുവൻ അങ്ങ് മരിച്ചുപോയാലും അടുത്തതിനെ തരും എന്നവൻ വിശ്വസിച്ചു. അതുപോലെ ദൈവത്തിൽ വിശ്വസിക്കണം. കുഞ്ഞല്ല വലുത്. ദൈവം തന്നതിനെ ദൈവം പറഞ്ഞു കൊല്ലാൻ; ദൈവത്തിൽ വിശ്വസിക്കുന്നതുകൊണ്ട് ഞാൻ ആഞ്ഞുവെട്ടുന്നു. ഇതാണ് അബ്രഹാം ചെയ്തത്. നമുക്കുള്ള മക്കളെ ഇസഹാക്കിനു പകരം ബലിയർപ്പിക്കാൻ പറഞ്ഞാൽ നമ്മൾ ഒരിക്കലും അത് ചെയ്യില്ല. അത് ദൈവസ്വരമല്ലെന്ന് നമ്മൾ പറഞ്ഞുകളയും. കടുത്ത വിശ്വാസത്തിന്റെ ആധിക്യത്തിൽ അബ്രഹാം ചെയ്ത കാര്യത്തേക്കുറിച്ച് യാക്കോ.2 -ൽ പറഞ്ഞത് നമ്മൾ കണ്ടു. ഈ വിശ്വാസത്തിൽ നിന്നുണ്ടായ പ്രവർത്തിയാണ് അവനെ നീതീകരിച്ചത് എന്നതാണ് യാക്കോബ് ഉദ്ദേശിക്കുന്നത്. വിശ്വാസത്തിന്റെ പ്രവർത്തിയായി മകനെ ബലിയർപ്പിച്ചപ്പോൾ മനുഷ്യരുടെ മുമ്പാകെയും ദൈവത്തിനു മുമ്പാകെയും താൻ നീതീകരിക്കപ്പെട്ടു ഇതാണ് യാക്കോബിനെ സംബന്ധിച്ച പ്രതിപാദ്യവിഷയം. വിശ്വാസവും പ്രവർത്തിയും അന്യോന്യ വിരുദ്ധമല്ല. വിശ്വാസത്തിൽ നിന്നും ജന്യമായ, അനുപൂരകമായ പ്രവർത്തി എന്നിതിനെ പറയാം. പ്രവർത്തി എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത് അബ്രഹാമിന്റെ വിശ്വാസത്തിന് തുല്യമായ വിശ്വാസത്തിന്റെ പ്രവർത്തിയെന്നാണ്. വിശ്വസിക്കുക എന്നത് ഹൃദയത്തിനകത്ത് നടക്കുന്ന ഒരു പ്രവർത്തിയാണ്. വിശ്വസിക്കുന്നവൻ ദൈവസ്നേഹംകൊണ്ട് നിറയുമ്പോൾ അയൽക്കാരനെ സഹായിക്കാനും പോകേണ്ടതുണ്ട്.

നമ്മൾ അബ്രഹാമിനേക്കുറിച്ചും ദാവീദിനേക്കുറിച്ചും ഏറെക്കുറെ പഠിച്ചുകൊണ്ടിരിക്കുകയാണ്. പരിച്ഛേദന കഴിഞ്ഞ യഹൂദന്മാരാണ് ഈ രണ്ട് പേരും. എന്നാൽ അബ്രഹാം പരിച്ഛേദന കഴിഞ്ഞതിനു ശേഷമുള്ള കാലഘട്ടത്തിലല്ല നീതീകരിക്കപ്പെടുന്നത്. അതിനു മുമ്പെ അബ്രഹാം ദൈവവിശ്വാസമുള്ളവനായിരുന്നു. ഈ വിശ്വാസത്താലാണ് അദ്ദേഹം നീതീകരിക്കപ്പെട്ടത്. ഏറ്റവും ഭീകരമായ രണ്ട് പാപത്താൽ അപമാനിക്കപ്പെട്ട വ്യക്തിയായിരുന്നു ദാവീദ്. വ്യഭിചാരവും കൊലപാതകവും. തന്റെ വിശ്വസ്തനായ പടയാളിയായിരുന്ന ഊരിയാവിന്റെ ഭാര്യയെ പ്രാപിച്ചതും

have great belief in God. But we do not do anything to match that faith. Satan says that there is only one God. But he does not obey God. If a believer also does not obey God aren't both the same? What is the difference from Satan? In the 20th verse it says "But do you want to know, O foolish man, that faith without works is dead? One of the things of having faith is baptism in water, having communion in a simple way etc. Again it is in faith that you borrow and help somebody else financially, making a rest place for refugees, comforting those who are tormented, doing justice to widows etc. It is from the workshop of faith does rise love and good deeds. From love faith does not come. A holy expression which rises from faith is love. If a woman trusts a man then he will be her husband. They will share their heart and their body. If she does not trust him she will tell him what will she do if he leaves after a kid is born. From the trust in him will rise the love. It is written in James 2:20-22 But do you want to know, O foolish man, that faith without works is dead?[ Was not Abraham our father justified by works when he offered Isaac his son on the altar? Do you see that faith was working together with his works, and by works faith was made perfect? What is the meaning of this? Abraham was about to kill his son. He did not think God or God's angel will stop him. Not because of the love of God. It is not that he obeyed God, but he trusted God. The strong faith. The God who promised him he will be given generation like the sand in the beach and the more than the stars in the sky will give another child if he takes this. He believed it. In the same way we should believe in God, Child is not important but God game God asked to




അത് മുഖാന്തരം ഉളവായ പ്രശ്നങ്ങളിൽ നിന്നും രക്ഷപ്പെടാൻ ഊരിയാവിനെ കൊല്ലിച്ചതും (2 സാമു.11:12) ഓർമ്മിക്കുക. അവന് കൃപയ്ക്കായി യാചിക്കുകയേ നിവർത്തിയുണ്ടായിരുന്നുള്ളു. അബ്രഹാം പ്രവർത്തി കൂടാതെ പ്രാപിച്ച വിശ്വാസത്താലുള്ള നീതിക്ക് ഉപോത്ബലകമായിട്ട് ദാവീദിന്റെ കാര്യവും ഇവിടെ പറയുകയാണ്. പരിച്ഛേദന എന്ന പ്രവർത്തി വളരെ വാർദ്ധക്യത്തിലാണ് അബ്രഹാം ചെയ്തത്. പക്ഷെ അതിനുമുമ്പു തന്നെ അബ്രഹാം വിശ്വാസിയായി തീർന്നിരുന്നു. വലിയ രണ്ട് പാപങ്ങൾ ചെയ്ത ദാവീദും വിശ്വാസത്തിൽ വരികയും ആ വിശ്വാസം കൊണ്ട് ദൈവത്തോട് അനുതപിക്കുകയും ചെയ്തു. അങ്ങനെ വന്നപ്പോൾ ദൈവം അദ്ദേഹത്തിന്റെ അധർമ്മവും പ്രശ്നങ്ങളും മോചിച്ചു കൊടുത്തു. ദാവീദ് എഴുതിയ സങ്കീർത്തനത്തിൽ 32:1,2 വാക്യങ്ങളിൽ യഹോവ പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ എന്നു നാം വായിക്കുന്നു. ദാവീദിന്റെ പാപം വലിയതായിരുന്നു. 2 ശമു.12:5,6-ൽ നാഥാൻ പ്രവാചകൻ, ഈ നീചകൃത്യം ദാവീദിനെ അറിയിച്ചപ്പോൾ ഈ കുറ്റകൃത്യം ചെയ്തത് താനാണെന്നറിയാതെ ദാവീദ് പറഞ്ഞു അവൻ നാലിരട്ടി പകരം കൊടുക്കണമെന്ന്. അതനുസരിച്ച് ദാവീദിന്റെ നാലു മക്കൾ കൊല്ലപ്പെടുവാൻ ദൈവം അനുവദിച്ചു. അങ്ങനെ നാലിരട്ടിയായി പകരം കൊടുക്കേണ്ടി വന്നു ദാവീദിനന്ന്. അതിൽ കൊല്ലപ്പെട്ട ഒരാൾ ഊരിയാവിന്റെ ഭാര്യയിൽ തനിക്കുണ്ടായ മകനാണ്. യിസ്രയേൽക്കാരത്തിയായ അഹീനോവം പ്രസവിച്ച തന്റെ മൂത്ത മകൻ അമ്നോൻ, സുന്ദരനായ അബ്ശലോം, നല്ലവനായ അദോന്യാവ് ഇവരെല്ലാം കൊല്ലപ്പെട്ടു. ഇതെല്ലാമാണെങ്കിലും ദൈവം ദാവീദിന്റെ പാപം കണക്കിട്ടില്ല. ലോകസ്ഥാപനത്തിനുമുമ്പെ തീരുമാനിച്ചതനുസരിച്ച് ദാവീദിന്റെ പാപം ദൈവം കണക്കിട്ടില്ല. അവന്റെ വിശ്വാസത്തെ നീതിയായി കണക്കിടുകയാണ് ചെയ്തത്. അതുകൊണ്ടാണ് സങ്കീ.32-ൽ പ്രവർത്തി കൂടാതെ ദൈവം നീതി കണക്കിടുന്നവന്റെ ഭാഗ്യത്തെക്കുറിച്ച് ദാവീദ് വർണ്ണിച്ചിരിക്കുന്നത്. ആത്മാവിൽ കപടമില്ലാതെയിരിക്കുന്നവൻ ഭാഗ്യവാൻ എന്നും പറയുന്നു.

റോമ.4:9-12 വരെ പഠിക്കുമ്പോൾ നീതീകരണം പരിച്ഛേദന കൂടാതെയാണ് എന്നു നമ്മൾ കാണുകയാണ്. അബ്രഹാമിന്റെ ദൃഷ്ടാന്തം പറഞ്ഞുകൊണ്ടാണ് ഈ ഭാഗ്യവർണ്ണനയെ ദാവീദും അവതരിപ്പിക്കുന്നത്. ഇവിടെ 10-ാം വാക്യത്തിൽ മാറി മാറി ചോദിച്ച ചോദ്യം പരിച്ഛേദനയിലോ നീതീകരണം ? അഗ്രചർമ്മത്തിലോ നീതീകരണം ? ഇതിനു മറുപടിയാണ് സങ്കീർത്തനത്തിൽ പറയുന്നത്. ഹാരാനിൽ നിന്ന് കാനാനിലേക്ക് പുറപ്പെടുകയാണ് എഴുപത്തിയഞ്ചാമത്തെ വയസ്സിൽ അബ്രഹാം ചെയ്തത്. അത് ഉൽപ.12:4-ൽ പറയുന്നുണ്ട്. പരിച്ഛേദന ഇരുപത്തിനാലു വർഷങ്ങൾക്കു ശേഷമാണ്. അതിനുമുമ്പെ അബ്രഹാം നീതീകരിക്കപ്പെട്ടു. അക്കാരണത്താൽ ജാതികൾക്ക് ഇത് വിശ്വസിക്കാം. ഒരിക്കലും അവിശ്വസിക്കേണ്ട കാര്യമില്ല. ദൈവീകവാഗ്ദത്തം ലഭിച്ച് നീതീകരിക്കപ്പെട്ടത് ഉൽപ.15:5,6 വാക്യങ്ങളിൽ പറയുന്നു.

kill. Because I believe in God I strike hard. This is what Abraham did. If God asks us to sacrifice our children we will never do it. We will reject it telling it is not God's sound. James 2 says Abraham did that in such a faith. The deed which came as a result of this faith became his righteousness. He became righteous as a result in front of God and Men. Faith and deed is not opposition. The one filled with faith when filled with god's love will help the neighbor

In the last issue we read and studied almost everything of Abraham and David. Both of these two are Jews who has done circumcision. But Abraham does not become righteous in the period after circumcision. Abraham was a believer of God even before that. His righteousness was based on this faith. David was a person who faced the wrath of the worst ever two sins. Adultery and Murder. He attained the wife of Uriah who was his faithful soldier, and to escape from the problems created because of his action, he kills Uriah (2nd Samuel 11:12), he had no other go but plead for grace. Thus we are saying about the righteousness Abraham got not because of his deeds but because of his faith, and in contrast we are saying about David. Abraham did circumcision in his old age. But Abraham was a believer much before this. David who did two grievous mistakes also came into faith and because of this faith he repented and confessed his sins. When this was done God forgave him and released him from his unrighteousness and his sins. In Psalms 32:1 we read Blessed is he whose transgression is forgiven, whose sin is covered. Blessed is the man to whom the Lord does not impute iniquity, and in whose spirit there is no deceit. David's sin was very big. In 2




ഉൽപ.16:3-ൽ ഹാഗാറിനെ ഭാര്യയായി സ്വീകരിച്ചതും ഉൽപ്പ.17:1-26 വരെ വാക്യങ്ങളിൽ പരിച്ഛേദന ഏറ്റ കാര്യങ്ങളും നാം കാണുന്നു. അങ്ങനെ അബ്രഹാമിന്റെ നീതീകരണത്തിനും പരിച്ഛേദനക്കും ഇടയിൽ ഇരുപത്തി നാല് വർഷത്തെ അകലമുണ്ട്.

ഇവിടെ രക്ഷിക്കപ്പെട്ടു, സ്നാനമെടുത്തു, കർത്തൃമേശയെടുത്തു എന്നു പറയുന്ന എന്നേപ്പോലെയും നിങ്ങളേപ്പോലെയുമുള്ളവർ അബ്രഹാം നീതീകരിക്കപ്പെട്ട മാർഗ്ഗത്തേക്കുറിച്ച് നല്ല വണ്ണം അറിഞ്ഞിരിക്കണം. യഹൂദനാകട്ടെ ജാതീയനാകട്ടെ എല്ലാവർക്കുമുള്ള ഒരു മാർഗ്ഗമാണ് വിശ്വാസത്താൽ നീതീകരിക്കപ്പെടുക എന്നത്. ഇവിടെ പരിഗണനാർഹമായിരിക്കുന്നത് അവന്റെ വിശ്വാസത്തിന്റെ സ്വഭാവമല്ല, അവന്റെ നീതീകരണത്തിന്റെ സ്വഭാവമാണ്. ഞാനൊരു വിശ്വാസിയാണ്, എന്നാൽ വിശ്വാസിയുടെ തൊട്ടടുത്ത ഡിഗ്രി കിട്ടിയവനാണ് ഞാൻ എന്ന തിരിച്ചറിവ് എനിക്കുണ്ടാകണം. ദൈവത്തിന്റെ നീതീകരണം എന്ന ഡിഗ്രി. നമ്മുടെ നീതീകരണത്തിന്റെ സ്വഭാവമാണ് നമ്മൾ പഠിക്കുന്നത്. അനുഷ്ഠാനപരമായ സ്വയം നീതിയല്ല. മൂന്നു ദിവസം ഉപവാസമെടുത്തുകൊണ്ട് അപ്പവും വീഞ്ഞും കയ്യിൽ നീട്ടി അതൊരു അനുഷ്ഠാനം ആക്കിയപ്പോൾ ഉണ്ടാക്കിയ സ്വയം നീതിയല്ല. അതൊരു വിശ്വാസനീതിയുമല്ല. അതിനേക്കാൾ ഉപരിയായി അതൊരു പദാർത്ഥചിഹ്നവുമല്ല. അതൊരു മുദ്രപരമായ യാതൊന്നുമല്ല. ദൈവത്താൽ നീതീകരിക്കപ്പെടുമ്പോൾ നമുക്ക് ആന്തരികമായി ഉണ്ടാകുന്ന അഹങ്കാരത്തേക്കാൾ ഉപരിയായി അഭിഷേകത്തിന്റെ ഉജ്ജ്വലജ്വാലയിൽ ഉയിർത്തെഴുന്നേൽക്കുമ്പോൾ ഉണ്ടാകുന്ന അഭിരാമമായ, അനുഗ്രഹദായകമായ ഒരു ദൈവകൃപയുടെ ഒഴുക്കാണ് നീതീകരിക്കപ്പെടുക എന്നു പറയുന്നത്. ദൈവത്താൽ നീതീകരിക്കപ്പെട്ടു എന്ന ഒരു ആത്മ സന്തോഷത്തിലാണ് ഞാൻ മുന്നൂറ്റിയറുപത്തഞ്ച് ദിവസവും ശുശ്രൂഷ ചെയ്യുന്നത്. ഈ ആത്മസന്തോഷമാണ് ചർച്ച് ഓഫ് ഇറ്റേണിറ്റിയിലെ എല്ലാ സഭയിലെയും വിശ്വാസികൾക്കും ഉള്ളത്. ഇവിടെനിന്നും വിവിധകാരണങ്ങളാൽ പിരിഞ്ഞുപോയവർക്കും തിരിച്ചുവരാൻ ഇടനൽകുന്നതും ഈ ആത്മസന്തോഷമാണ്.

ചർച്ച്ഓഫ് ഇറ്റേണിറ്റിയിലെ സാധാരണക്കാരിൽ സാധാരണക്കാരായ, പക്ഷെ വിശുദ്ധരിൽ വിശുദ്ധരായ നൂറിലധികം പാസ്റ്റർമാരും സഭയിൽ സഹായിക്കുന്ന ഇരുന്നൂറിലധികം ഒന്നാം നിരയിലും രണ്ടാം നിരയിലും മൂന്നാം നിരയിലുമുള്ള പുരുഷന്മാരും സ്ത്രീകളും അവരുടെയൊക്കെ ഉള്ളിൽ പരിച്ഛേദന ഏറ്റതിനുമപ്പുറം, രക്ഷിക്കപ്പെട്ടതിനുമപ്പുറം വിശ്വസിക്കുന്നതിനുമപ്പുറം നീതീകരിക്കപ്പെടുന്നതിന്റെ ഒരു വലിയ സന്തോഷവും സമാധാനവും എല്ലാം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ന്യായപ്രമാണത്തിന്റെ അനുസരണമായ പ്രവർത്തിക്ക് അപ്പുറം ദൈവത്താൽ നീതീകരിക്കപ്പെടുക എന്നത് എത്ര മനോഹരമാണ്. ദൈവത്താൽ നീതീകരിക്കപ്പെടുക എന്ന വാക്ക് അധികം ആരും ചർച്ചക്കെടുക്കാത്ത

Samuel 12:5-6 when Prophet Nathan, let David know about this cruel action, he without realizing it is about him, told the prophet that the one who did this will have to give back four fold. According to this God gave permission to let his four sons to die. In that David had to pay four fold in those days. And the son born out of the wife of Uriah was one of those who were killed. Ahinoam the Israelite's first son Amnon born to David, the handsome Absalom, the good Adonijah all were killed. After all these God did not count David's sin. As decided even before the creation of the world God did not count his iniquities. He considered his faith as righteousness. That is why in Psalm 32 David has told Blessed is he whose transgression is forgiven, whose sin is covered. Blessed is the man to whom the LORD does not impute iniquity, and in whose spirit there is no deceit. Those who does not have hypocrisy in spirit is a blessed man.

Romans 4:9-12 teaches us that righteousness is without circumcision. David is presenting this blessedness saying about Abraham's vision. Here in the 10th verse they asked repeatedly the question 'How then was it accounted? While he was circumcised, or uncircumcised?' The reply to this is in Psalms. Abraham when he was seventy five years old, started from Haran to Canaan. It is told in Genesis 12:4. Circumcision is after twenty four years. But Abraham attained righteousness much before that. That is why Gentiles can believe in this. There is no need for unbelief. It is told in Genesis 15:5-6 that and he believed in the LORD, and He accounted it to him for righteousness. Genesis 16:3 speaks about Abraham accepting Hagar as his




ഒരു വിഷയമാണ്. ചർച്ച് ഓഫ് ഇറ്റേണിറ്റിയിലെ സാധാരണക്കാരായ മനുഷ്യർ വെള്ളത്തിൽ മുങ്ങി സ്നാനമെടുത്ത് വിശുദ്ധജീവിതം തുടങ്ങി. പൗലോസ് എഴുതിയ റോമാലേഖനവും പത്രോസ്, യോഹന്നാൻ മുതലായവർ എഴുതിയ ലേഖനങ്ങളും എല്ലാം പഠിക്കാൻ തുടങ്ങി. അങ്ങനെ ആത്മാവിന്റെ നിറവുള്ളവരായി. അങ്ങനെ തന്റെ സ്വയം നീതിയിൽ പ്രശംസിക്കാതെ ദൈവം കൊടുത്ത നീതീയിൽ പ്രശംസിക്കുവാൻ തുടങ്ങി. അപ്പോൾ ലോകപ്രകാരമുള്ള ആ ശൈലികൾക്കെല്ലാം അപ്പുറമായി മുഴുവൻ ന്യായപ്രമാണവും അനുസരിച്ച ക്രിസ്തുവിന്റെ പിന്നാലെ കൂടി. ന്യായപ്രമാണത്തിന്റെ പൂർത്തീകരണമായ ക്രിസ്തുയേശുവിൽ ആകുകമുഖാന്തരം ന്യായപ്രമാണം മുഴുവൻ അനുസരിക്കുന്നവരായി തീർന്ന ആ ഒരവസ്ഥയേക്കുറിച്ചാണ് ഇവിടെ നീതീകരണം എന്നു പറയുന്നത്. ഇതിനെ ഈ കാലഘട്ടത്തിന്റെ സ്വഭാവത്തോട് ഞാൻ ചേർത്തുകൊണ്ടു വരികയായിരുന്നു.

അബ്രഹാമിനും തന്റെ കാലത്തുള്ളവർക്കും പരിച്ഛേദന ബാഹ്യമായ അടയാളമായിരുന്നു. എന്നാൽ ദൈവമെപ്പോഴും ദൈവമാണ്. അബ്രഹാം എപ്പോഴും വിശ്വാസത്താൽ നീതീകരിക്കപ്പെട്ട കർത്തൃദാസനാണ്. അബ്രഹാം ലോകത്തിൽ നിന്ന് ദൈവത്തിനായി വേർതിരിക്കപ്പെട്ടവനാണ്. നീതിമാനായ ദൈവത്തിന്റെ മുമ്പിൽ നമ്മുടെ നില ഭദ്രമാകുന്നത് നമ്മുടെ വിശ്വാസത്താൽ നാം നീതീകരിക്കപ്പെടുന്നതുകൊണ്ടാണ്. അഭക്തനായ ഒരു വ്യക്തിയുടെ നില ഭക്തിയുടെ മണ്ഡലത്തിൽ ശക്തമായി ഉറപ്പിക്കുന്നത് ഒരിക്കലും ഈ വിശ്വാസസ്നാനമോ കർത്തൃമേശയോ അല്ല. വിശ്വാസസ്നാനത്തിലേക്കും കർത്തൃമേശയിലേക്കും വരുന്നതിനു മുമ്പ് തന്നെ അഭക്തന്റെ അഭക്തിയെ മാറ്റുന്നത് വിശ്വാസമാണ്. ആ വിശ്വാസത്താൽ അവൻ നീതീകരിക്കപ്പെടുകയാണ്. ആ നീതീകരണത്താൽ അവൻ ഭക്താഗ്രേസനായി മാറുമ്പോൾ വചനത്തെ അനുസരിക്കാൻ നിർബന്ധിതനാകുന്നു. വചനത്തെ അനുസരിക്കാൻ നിർബ്ബന്ധിതനാകുമ്പോൾ വചനത്തിലെഴുതിയിരിക്കുന്ന സത്യത്തെ അവൻ സ്വാംശീകരിക്കുകയാണ്. വചനത്തിലെഴുതിയിരിക്കുന്ന സത്യമാണ് നീ വിശ്വാസസ്നാനം എടുക്കണം എന്നത്. അതവൻ ചെയ്യുന്നത് ആരുടേയും പ്രേരണ കൊണ്ടല്ല. പരിച്ഛേദനക്കു തുല്യമായ ഒരു കർമ്മമാക്കാൻ വേണ്ടിയുമല്ല. ലോകപെന്തക്കോസ്ത് ആചാര്യന്മാരെ, സെമിനാരിവര്യന്മാരെ ദയവായി കേൾക്കണമെ!! നിങ്ങൾ ഇതൊരു വെറും കർമ്മാനുഷ്ഠാനമാക്കിത്തീർക്കരുതേ...... നിങ്ങളെ നീതീകരിച്ചത് ക്രിസ്തുവാണ്. ക്രിസ്തു പറഞ്ഞ കൽപ്പന പ്രകാരം അനുഷ്ഠാനപരമായ രണ്ട് കൽപ്പനകളാണ് പറഞ്ഞത്. 1. നിങ്ങൾ സ്നാനമെടുക്കണം. 2. കർത്തൃമേശയാചരിക്കണം. പരസ്പരം സ്നേഹിക്കണം എന്നു പറഞ്ഞതുപോലെയുള്ള കൽപ്പന. യോഹ.13:34,35-ൽ ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം എന്നു പറഞ്ഞു കഴിഞ്ഞപ്പോൾ, ഞങ്ങൾ ഇങ്ങനെയാണ്

wife, Genesis 17:1-26 we see that he does circumcision. Thus between Abraham's righteousness and circumcision there are twenty years gap.

Here those of us when we say we are born again, we have taken baptism and the communion like me or you; we have to know very well about the righteousness of Abraham. Let it be a Jew or a gentile, the only way for all is righteousness through faith. Here the preference is given not to his nature of faith but to his nature of righteousness. I am a believer but I am just a person who is a degree away from the believer. The degree which is called God's righteousness. We are learning the nature of our righteousness. Not ritualistic self righteousness. Not the kind of self righteousness where fasting for three days, and taking the bread and wine in hand, and making it as a practice. That is not even righteousness by faith. There is no other physical sign. That is not a representation. When righteousness happen by God then much more than the pride which happens inside is a flow of God's grace with the blessings as a result of bright blaze anointment resurrection happens. I preach three sixty five days with a spiritual happiness that God's righteousness is on me. This is the same spiritual happiness which reflects in the believers of the Church of Eternity. Those who parted away from this church due to different reasons also come back because of this spiritual happiness.

Very ordinary but holiest of holy more than hundred pastors of Church of eternity and more than two hundred, those men and women who are in the




സ്നേഹിക്കുന്നതെന്ന് പറഞ്ഞുകൊണ്ട് ഒരു കർമ്മാനുഷ്ഠാനമാക്കാനല്ല പറഞ്ഞത്. ഈ രണ്ട് അനുഷ്ഠാനങ്ങളെ പർവ്വതീകരിക്കല്ലെ. നിസ്സാരവൽക്കരിക്കുകയുമരുതേ. ഇത് ക്രിസ്തു ചെയ്തതായതുകൊണ്ട് നാമും ചെയ്യുന്നു; ഇത് ക്രിസ്തു അനുഷ്ഠിച്ചതുകൊണ്ട് നമ്മളും അനുഷ്ഠിക്കുകയല്ല. ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം അവൻ നാളെകളിൽ ശുശ്രൂഷ തുടങ്ങുകയായിരുന്നു. മർക്കോ.2-ൽ ശുശ്രൂഷ ആരംഭിച്ചു. ഭൂതങ്ങളെ ഓടിക്കാൻ തുടങ്ങി. അവൻ വിശ്വാസസ്നാനമല്ല എടുത്തത്. അവൻ അഭിഷേകത്തിന്റെ സ്നാനമാണ് എടുത്തത്. അവന്റെ സൃഷ്ടവസ്തുവായ യോഹന്നാനിൽ നിന്നാണ് സ്നാനമെടുത്തത്. വലിയ പാസ്റ്റർമാരിൽ നിന്ന് സ്നാനമെടുക്കണം; അല്ലെങ്കിൽ സ്നാനം പ്രയോജനമില്ലാത്തതാകും എന്നൊക്കെ ആരും കരുതണ്ട. അത് ദൈവത്തിന്റെ കൽപ്പനയാണ്; അത് തീർച്ചയായിട്ടും പാലിക്കണം എന്നതാണ് ഈ വചനം പഠിക്കുമ്പോൾ പെന്തക്കോസ്ത്കാർ തിരിച്ചറിയേണ്ടതെന്ന് ഞാൻ പറയുമ്പോൾ എന്റെ യോഗ്യതയോ അയോഗ്യതയോ നോക്കിയതുകൊണ്ടായില്ല, ദൈവവചനം പഠിക്കണം. എങ്കിൽ മാത്രമെ ഇത് സത്യമാണെന്ന് മനസ്സിലാകുകയുള്ളു. അബ്രഹാമിന്റെ നീതീകരണത്തിന് വളരെ പിന്നീട് സംഭവിച്ച പരിച്ഛേദന ദൈവം നമ്മെ സ്വീകരിക്കുന്നതിന് അടിസ്ഥാനമോ ? അബ്രഹാമിന്റെ വിശ്വാസത്താലുള്ള നീതീകരണം പോലെ നമ്മുടേയും ജീവിതം നീതീകരിക്കപ്പെട്ടതാകണം.

റോമ.5:12-21 വരെ വാക്യങ്ങൾ ഈ ലോകം വളരെ പ്രാധാന്യത്തോടെ ചർച്ചക്കെടുക്കേണ്ട, ലോകചരിത്രം വളരെ ശ്രദ്ധാപൂർവ്വം മനസ്സിലാക്കേണ്ട സത്യസുവിശേഷത്തിന്റെ നക്ഷത്രങ്ങൾ വിളങ്ങിനിൽക്കുന്നവയാണ്. ആ വാക്യങ്ങൾ മനസ്സിലാക്കണമെങ്കിൽ കർത്താവിന്റെ പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളത്തിൽ ഒരു പ്രകാശം തരണം. വളരെ പ്രാർത്ഥനയോടെ നമുക്ക് ഈ വചനങ്ങൾ ധ്യാനിക്കാം. "അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു. പാപമോ ന്യായപ്രമാണം വരെ ലോകത്തിലുണ്ടായിരുന്നു; എന്നാൽ ന്യായപ്രമാണം ഇല്ലാതെയിരിക്കുമ്പോൾ പാപത്തെ കണക്കിടുന്നില്ല. എങ്കിലും വരുവാനുള്ളവന്റെ പ്രതിരൂപമായ ആദാമിന്റെ ലംഘനത്തിനു തുല്യമായി പാപം ചെയ്യാത്തവരിലും മരണം ആദാം മുതൽ മോശ വരെ വാണിരുന്നു. എന്നാൽ ലംഘനത്തിന്റെ കാര്യവും കൃപാവരത്തിന്റെ കാര്യവും ഒരുപോലെയല്ല; ഏകന്റെ ലംഘനത്താൽ അനേകർ മരിച്ചുവെങ്കിൽ ദൈവകൃപയും ഏകമനുഷ്യനായ യേശുക്രിസ്തുവിന്റെ കൃപയാലുള്ള ദാനവും അനേകർക്കുവേണ്ടി ഏറ്റവുമധികം കവിഞ്ഞിരിക്കുന്നു. ഏകൻ പാപം ചെയ്തതിന്റെ ഫലവും ദാനത്തിന്റെ കാര്യവും ഒരുപോലെയല്ല. ഏകന്റെ പാപം ശിക്ഷാവിധി കൽപിപ്പാൻ ഹേതുവായിത്തീർന്നു. കൃപാവരമൊ അനേകം ലംഘനങ്ങളെ മോചിക്കുന്ന നീതീകരണ വിധിക്ക് ഹേതുവായിത്തീർന്നു. ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടേയും നീതിദാനത്തിന്റേയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവുമധിക

first row, second row and the third row, all of them and inside them far more than the fact that they are circumcised or they re saved they are having happiness and peace in the fact they have righteousness. How beautiful is the fact they are being made righteous by God than obeying the law. Being made righteous by God is a very rare subject which is chosen for discussion. The ordinary people of Church of Eternity has taken the water baptism, and started to lead a holy life. They have started to learn Romans, and the various books written by Peter, John etc. Thus they were spiritually fulfilled. Thus not praising themselves in their righteous they started to praise in the god given righteous. Then beyond the style as per the of the world, obeying the law and will follow Christ when we say the process of being righteous it means by being in Christ who is the fulfillment of the law, and by doing so being in a state where all the law has been obeyed. I was trying to bring in to the fold of this period.

Romans 6:1 start with the suggestion that we should be dead to sin and alive to Christ. When it is said dead to sin it means we should not do any more sins. Let me say an example. Think we have to hit a person with our hand. Here if our hand was paralyzed will be able to hit? No. The same way if we are dead to sin then we cannot do that sin. If we are doing that simply means that we are not dead to sins. Let us once again remember Romans 5:20. That is Moreover the law entered that the offense might abound. But where sin abounded, grace abounded much more. Those who do not understand this has lot of logical arguments. We should not keep on sinning. Grace comes over it making us not to do sins, and it gently finishes of sins. Then Christ will cover us with grace that is what is meant. When there is grace where the sin abounds then how much more grace abounds where there is no sins.

When we believe in Christ, the man who is in us having a sinful nature dies. If our faith in Christ is the perfect right then our sinful natured man in us is dead. If we are sinless the in Christ we are victorious. Any dead slave in not under the Lord's control. We are dead to sins. We are not slaves to the Lord of sins. We are slaves of God's grace. When we believe like this then we take baptism to a have a membership in his death. When we get in to the water in spiritual sense we are washing our sins. Sin resides inside. When we believe our inside is washed with the blood. In that case even the outside is washed with water. We see that our old character dying there. That is a representation of being in partnership with Christ's death. When it is told like that it means in spiritual meaning our sinful nature dies and a new spiritual nature is being born. Whom do we join with when we baptize? Where is our sinful nature? There lies our Christ on the cross his blood shed for us bearing it all for us. Our sin of money, sexual sins, sin of pride, all these died along with Jesus. What has been said here and in Colossians 2:12 is that buried with Him in baptism, in which you also were raised with Him through faith in the working of God, who raised Him from the dead. That is to resurrect from the dead, we will have to dead to sin like how Christ died so that we can resurrect with him. Christ resurrected after his death. It is when Christ was dead that Joseph of Aramathea and Nickadhamios buried him. In the same




ണ്. ഈ ആശയം കേരളത്തിലോ ഇന്ത്യയിലോ എവിടെയുമുള്ള ലോക മനുഷ്യർ ആരും അറിയുന്നില്ല. അതിനാൽ തെളിക്കൽ സ്നാനത്തിൽ അവർ നിൽക്കുകയാണ്. പെന്തക്കോസ്ത് ആകാൻ പോകുകയാണോ എന്ന് അവർ വെറുതെ ഉണ്ടാക്കി പറയുകയാണ്. നമ്മൾ ക്രിസ്തുവിനോടുകൂടിയാണ് സ്നാനപ്പെടുന്നതെന്ന് അവർ പറയുന്നില്ല. 6-ന്റെ 5-ാം വാക്യത്തിലാണ് ക്രിസ്തുവിനോടുകൂടി ഏകീഭവിക്കുക എന്നു പറഞ്ഞത്. ക്രിസ്തുവിനോടുകൂടി മരിക്കുക എന്നാണതിന്റയർത്ഥം. മരിക്കുന്നത് തീർച്ചയായും നമ്മളെ സംബന്ധിച്ചിടത്തോളം വേദനാജനകമാണ്. നമ്മുടെ പ്രിയപ്പെട്ടവർ മരിക്കുമ്പോൾ നമുക്ക് സങ്കടമാണ്. അതുപോലെ ഒരു പുരുഷൻ സ്ത്രീയോടുള്ള തെറ്റായ ബന്ധം അവസാനിപ്പിക്കുമ്പോൾ പുരുഷനും സ്ത്രീക്കും വേദനയുണ്ടാകും. ഒരു പുരുഷൻ രണ്ടോ മൂന്നോ കൂട്ടുകാരുടെ കൂടെ പോയി മദ്യപിക്കുമ്പോൾ ആ മദ്യപാനം നിർത്തിയാൽ അവരുടെ മനസ്സിൽ വേദന. കൂട്ടുകാർക്ക് വേദന. പാപത്തിന് മരിക്കുമ്പോൾ ലോകമക്കൾക്ക് വേദനയുള്ളതുപോലെ നാം ക്രിസ്തുവിനോടു ചേർന്ന് സ്നാനമെടുത്ത് പാപത്തിൽ മരിക്കുമ്പോൾ പാപസാഹചര്യങ്ങൾക്ക് നമ്മളോട് വെറുപ്പായി. ഉയിർത്തെഴുന്നേൽക്കുന്ന സമയത്ത് അവന്റെ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോട് നമ്മൾ ഏകീഭവിക്കുകയാണെന്നാണ് 5-ാം വാക്യത്തിൽ പറഞ്ഞത്.

6-ാം വാക്യം നമ്മിലെ പഴയ മനുഷ്യൻ അവനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു. ആ ക്രിസ്തുവിനോടുകൂടി നമ്മളും ക്രൂശിക്കപ്പെട്ട് മരിക്കുന്നതുവരെയും ക്രൂശിൽ കിടന്നു. നമ്മളൊക്കെ രണ്ട് മിനിട്ട് പ്രാർത്ഥിച്ചിട്ട് എഴുന്നേറ്റു പോകുകയാണ്. വചനം പറയുന്നത് അരമുക്കാൽ മണിക്കൂർ പറഞ്ഞിട്ട് നിർത്തുകയാണ്. ക്രൂശുമരണം റോമാ രീതിയിലുള്ള ഒരു വധശിക്ഷയാണ്. ഏറ്റവും ക്രൂരമായ വധശിക്ഷയാണ്, ഒരു മനുഷ്യൻ മരിക്കുവോളം ക്രൂശിൽ കിടക്കുക എന്നത്. മരിച്ചോ എന്നറിയാൻ പട്ടാളക്കാർ കണങ്കാലിന് അടി വച്ചുകൊടുക്കണം. മരിച്ചിട്ടില്ലെങ്കിൽ കണങ്കാൽ അടിച്ചുതകർക്കും. അതോടുകൂടി അവർ മരിക്കും. നമ്മുടെ പാപശരീരത്തിന് നീക്കം വരേണ്ടതാണ്. മനുഷ്യന്റെ ശരീരം അതിന്റെ അഹന്തയോടും അഥവാ അഹങ്കാരത്തോടും പാപസ്വഭാവത്തോടുംകൂടി ക്രൂശിക്കപ്പെട്ടിരിക്കുകയാണ് എന്ന് തന്നെയാണ്. ക്രൂശിൽ കിടന്ന് പിടഞ്ഞുള്ള ക്രിസ്തുവിന്റെ മരണം, അഹന്തയുള്ള, കോപമുള്ള, സാമ്പത്തിക ഭൗതീക അരാജകത്വങ്ങൾ കൊണ്ട് നിറഞ്ഞ ഞാൻ എന്ന മനുഷ്യന്റെ പ്രതീകാത്മകമായ ഒരു പിടഞ്ഞുമരണമാണ്. ഈ പാപശരീരം ഒരിക്കൽ നമ്മുടെ യജമാനനായിരുന്നു. പാപം ചെയ്യാൻ അവസരം കിട്ടിയാൽ അപ്പോൾ തന്നെ നമ്മൾ അത് ചെയ്യാൻ ശ്രമിക്കും. ചെയ്തില്ലെങ്കിലും അതിനുതുല്യമായ ചാറ്റിംഗുകളും ചീറ്റിംഗുകളും നമ്മൾ ചെയ്യുകയാണ്. അങ്ങനെയുള്ള ശരീരം ഉള്ള ഒരു പുരുഷനും സ്ത്രീയും ഇതാ ക്രൂശിൽ പിടഞ്ഞുമരിക്കുന്ന ക്രിസ്തുവിനോടുകൂടി ചേരുന്നു. ഇത്രയും നാൾ പാപം പറയുന്ന നാക്കിന്റെയും പാപകണ്ണുകളുടേയും പാപ ചെവിയുടേയും പാപ ഹൃദയത്തിന്റെയും അടിമയായിരുന്ന, കോപം തലച്ചോറിനകത്തു നിന്നു വരുന്ന ഒരു അതിശക്തമായ

way I and you are dead in sins, un holiness and in relation with Satan. Nobody is aware of this either in Kerala or other places or countries. That is why they are sticking on to the sprinkling baptism. They are making up by saying are you trying to be a Pentecost. They are not aware of the fact that we are baptizing along with Christ. In 6th chapter 5th verse it is told being one in Christ. That simply means dying with Christ. As far as we are concerned dying is for sure a painful procedure for us. We become sad when our near ones depart. The same way when a man has a wrong relationship with a woman and it ending up is quite painful for both the man and the woman. If a man has a few drinking friends, and when they stop their drinking it bring pain in their hearts. When the earthly men dies in sin it is painful, when we join with Christ in taking baptism and dead to sins the sinful situations hates us. In the 5th verse it says For if we have been united together in the likeness of His death, certainly we also shall be in the likeness of His resurrection.

6th verse says that our old man was crucified with Him. We also were crucified with Christ and lay there till we died. We all get up and keep going after two minutes of prayer. We stop preaching the gospel wit in half an hour to forty five minutes. It is a capital punishment in a Roman way. The cruelest capital punishment. To be crucified till a man dies. The soldiers hit the knee to know whether the person has died. If he has not died then they




വികാരത്തിന്റെ അടിമയായിരുന്ന, പാപം ചെയ്യിപ്പിക്കുന്ന സ്വഭാവത്തിന്റെ യജമാനനായിരുന്ന ഞാൻ മാനസാന്തരപ്പെട്ട് ക്രിസ്തുവിനോട് ചേരുമ്പോൾ പഴയമനുഷ്യൻ ഇതാ കുരിശിൽ തൂങ്ങി പാപശരീരം ബലഹീനമായിത്തീരുകയാണ്. ഇതുപോലെ മരിച്ചത് നമ്മളാരുമല്ല, നമ്മുടെ പാപമാണ്. പാപസ്വഭാവം മരിച്ചതിന്റെ മധുരോദാരമായ ഓർമ്മയാണ് വെള്ളത്തിൽ മുങ്ങിയുള്ള വിശ്വാസസ്നാനം. പഴയമനുഷ്യൻ കുരിശിൽ തൂങ്ങുമ്പോൾ പഴയശരീരം ബലഹീനമായിത്തീരുകയാണ്. അപ്പോൾ ക്രിസ്ത്യാനികളെന്ന നിലയിൽ നമ്മുടെ പാപസ്വഭാവം മരിച്ചുവെങ്കിൽ നാം എങ്ങനെയാണ് പാപം ചെയ്തുകൊണ്ടിരിക്കുന്നത് ? നമ്മുടെ പഴയസ്വഭാവം മുഴുവനായി മരിക്കാത്തതിനാലാണ് പാപം ചെയ്യുന്നതെന്നാണ് ഉത്തരം. എന്താണ് അനേകം ആളുകൾ നുണയുമായി നടക്കുന്നത്; പഴയസ്വഭാവം മരിക്കാത്തതുകൊണ്ടാണ്. പാപസ്വഭാവത്തിന് അതിന്റേതായ ശക്തിയുണ്ട്; അതിന്റെ ശക്തി തീരാത്തതുകൊണ്ടാണ്. നല്ലവണ്ണം ശ്രദ്ധിച്ചാൽ നാം പാപത്തിൽ തുടരുന്നതിനേക്കുറിച്ചുള്ള വ്യത്യസ്തമായ ഉദാഹരണങ്ങൾനമ്മൾക്കു തന്നെയും കണ്ടുപിടിക്കുവാൻ സാധിക്കും. റോമാലേഖനം 6-ാം അദ്ധ്യായത്തിൽ 6 തിരുവെഴുത്തുകളുടെ അർത്ഥതലങ്ങൾ നമ്മൾ കാണുകയായിരുന്നു.

സ്നാനം ദൈവത്താൽ സ്ഥാപിക്കപ്പെട്ടതും ദൈവത്തിന്റെ ആലോചനയുമാണ്. ഇത്രയേറെ പ്രാധാന്യമുള്ളതുകൊണ്ടാണ് സ്നാനം ദൈവത്താൽ സ്ഥാപിക്കപ്പെ

will hit the knee bone till it breaks. With that treatment they die. Its time our sinful body had a change. It indicates that the human body with all its pride and sinful nature is crucified. The death Christ died throbbing in pain, is a symbolic death of the person that is I who is full of pride, anger, financial and earthly anarchy. This sinful body was once our Lord. Whenever there is a chance to get to do a sin, then we do a sin. If we do not do a sin then we are doing something equivalent to it like chatting and cheating. A man or woman who has that kind of body is joining with the throbbing Christ who has been crucified. That means these many days we were slaves to this tongue which lie, sinful eyes, sinful ears and sinful heart. These many days I was a slave to the strong emotion which comes from the brains called as anger. I was the Lord of the character which made to sin. When we repent and become one with Christ lo the old man is hanging on the cross and the sinful body is becoming week. It is not we who died like this. It is our sins. Water immersion baptism is nothing but a sweet reminder that our sinful nature's death. When the old man is hanging on the cross the old body becomes weak. Then we, being Christians if our sinful nature is dead then how we can keep doing sins. The answer is that our old character is not fully dead. The sinful nature has its own strength. Its strength has not finished. If we really concentrate we ourselves can find out lot of different examples as to we are still continuing in our old



എന്റെ പേര് ലിറി. ഭർത്താവിന്റെ പേര് അജു. ഈ ഫോട്ടോയിൽ കാണുന്നത്ഞങ്ങളുടെ കുഞ്ഞാണ് വിവാഹം കഴിഞ്ഞ് ഒരു വർഷമായിരുന്നു. ഞങ്ങൾക്ക് കുഞ്ഞുങ്ങളില്ലായിരുന്നു. അങ്ങനെയിരിക്കെയാണ് എറണാകുളം ടൗൺഹാളിൽ 2013 മെയ് മാസം ബഹുമാനപ്പെട്ട ദേവസ്യാ സാറിന്റെ പ്രാർത്ഥനയുണ്ടെന്നറിഞ്ഞത്. ഞങ്ങളും ആ പ്രാർത്ഥനയിൽ പങ്കെടുത്തു. സത്യവചനങ്ങൾ കേട്ട് ഞങ്ങളുടെ മനസ്സും ഹൃദയവും നിറയാൻ ഇടയായി. വചനത്തിന്റെ കൂടുതലായ അർത്ഥതലങ്ങൾ ഞങ്ങൾ മനസ്സിലാക്കുവാൻ ഇടയായി. പ്രാർത്ഥനക്കുശേഷം ശേഷം സാർ പറഞ്ഞു. 8-ാം മാസമോ 8 ആഴ്ചകൾക്കുള്ളിലോ കുഞ്ഞുണ്ടാകുമെന്ന്. കർത്താവിന്റെ ദാസൻ പറഞ്ഞതുപോലെ ദൈവത്തിനു ഞങ്ങളോടു കരുണ തോന്നി. കൃപയാൽ ലഭിച്ച കുഞ്ഞിന് ഇപ്പോൾ 4 മാസം പ്രായമായി. സ്നേഹവാനായ ഈ സത്യദൈവത്തെ ഞങ്ങൾ സ്തുതിച്ചാരാധിക്കുന്നു.

അജു & ലിറി ഇരുമ്പനം.
എറണാകുളം. Ph: 8281403925

ട്ടത്. യോഹ.1:33-ൽ സ്നാനം ദൈവത്താൽ സ്ഥാപിക്കപ്പെട്ടതാണെന്നും ലൂക്കോ.7:29,30-ൽ അത് ദൈവാലോചനയാണെന്നും എഴുതിയിരിക്കുന്നു. അത് കർത്താവിന്റെ അന്ത്യകൽപ്പനയാണെന്ന് മർക്കോ.16:16-ലും മത്താ.28:19,20-ലും എഴുതിയിരിക്കുന്നു. മത്താ.3:13-16 വരെ വാക്യങ്ങളിൽ നമ്മുടെ കർത്താവ് കാണിച്ച മാതൃകയാണ് സ്നാനമെടുക്കുക എന്നെഴുതിയിരിക്കുന്നു. യോഹ.3:22,23 വചനങ്ങളിൽ കർത്താവ് കാണിച്ച മാതൃകയുടെ സൂചനയുണ്ട്. 1 പത്രൊ.2:21-ൽ കർത്താവ് കാണിച്ച സ്നാനമെടുക്കുന്ന മാതൃകയുടെ സൂചനയുണ്ട്. അതെ നിങ്ങൾ വിചാരിക്കരുത് സ്നാനം രക്ഷയാണെന്ന്. രക്ഷയ്ക്കുള്ള മാർഗ്ഗമാണ് സ്നാനമെന്നു പറയുന്നത്. വിശ്വസിച്ചാണ് രക്ഷിക്കപ്പെടുന്നത്. വിശ്വസിച്ച് രക്ഷിക്കപ്പെടുന്ന ഒരാൾ കർത്താവിന്റെ വചനമനുസരിക്കലാണ് സ്നാനം. വിശ്വസിച്ച് രക്ഷ പ്രാപിച്ച ഒരാൾ കർത്താവിന്റെ വാക്കുകളെ അനുസരിക്കുന്നു. ഒരു ഡോക്ടർ നിങ്ങൾ ഇന്ന ഇന്ന മരുന്നുകൾ ഭക്ഷണത്തിനുശേഷം കഴിക്കണം എന്ന് പറഞ്ഞാൽ രോഗി ആ മരുന്നുകൾ കഴിക്കുക തന്നെ വേണം. അങ്ങനെയാണെങ്കിൽ രോഗം മാറും. ഡോക്ടർ പറയുന്നത് രോഗിയനുസരിക്കണം. ഇതുപോലെ ദൈവവചനത്തിൽ ദൈവം പറയുന്നത് നമ്മൾ അനുസരിക്കണം. അങ്ങനെ അനുസരിക്കുകയാണ് നമ്മൾ സ്നാനം ചെയ്യുമ്പോൾ.

സ്നാനം ചെയ്യുന്നതിലൂടെ, മാനസാന്തരത്തിലൂടെ, വീണ്ടും ജനനത്തിലൂടെ, വിശ്വാസത്തിലൂടെ, പരിശുദ്ധാത്മാവിലൂടെ, വചനത്തിലൂടെ, കൃപയിലൂടെ, പാപം ചെയ്യാതിരിക്കുന്നതിലൂടെ ഇങ്ങനെയൊക്കെയാണ് രക്ഷ. 1 പത്രൊ.3-ൽ 20,21 വാക്യങ്ങളിൽ ജഢത്തിന്റെ അഴുക്കു കളയാ




നല്ല പിന്നെയോ ദൈവത്തോട് നല്ല മന:സ്സാക്ഷിയുണ്ടെന്ന് തെളിയിക്കുന്ന കർമ്മമത്രെ സ്നാനം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. യോഹ.14:15, 21, 23-ലൊക്കെ കർത്താവിനോടുള്ള സ്നേഹം വെളിപ്പെടുത്തുന്ന ശുശ്രൂഷയാണിത് എന്നു പറയുന്നുണ്ട്. സ്നാനമെടുക്കുക എന്നത് കർത്താവിനെ അനുസരിക്കുകയാണ് (അപ്പൊ.2:41). സ്നാനം ക്രിസ്തുവിനോട് ചേരലാണ് എന്ന് ഗലാ.3:27-ലും 1 കൊറി.10:2-ലും മത്താ.3:6-ലും പറയുന്നു. സ്നാനം എന്ന മൂലപദത്തിന് ബാപ്റ്റിസോ എന്നാണ് ഗ്രീക്കുവാക്ക്. മുക്കുക, നിമഞ്ജനം ചെയ്യുക എന്നൊക്കെയാണ് അർത്ഥം. അത് ശവത്തിന്റെ അടക്കത്തെയും ഉയിർത്തെഴുന്നേൽപ്പിനെയും കാണിക്കുന്നതാകയാൽ സ്നാനം മുങ്ങിത്തന്നെ വേണമെന്ന് പറയുന്നു. തീർച്ചയായും മുങ്ങിത്തന്നെയാണ് സ്നാനപ്പെടേണ്ടത്. യോഹന്നാൻ സ്നാപകൻ നടത്തിയ സ്നാനം ഇതിനുതെളിവായി എടുക്കാം. അദ്ദേഹം ഐനോനിൽ സ്നാനം കഴിപ്പിച്ചു. യോഹ.3:23-ാം വാക്യം. കാരണം അവിടെ ആഴമുള്ള വെള്ളമുണ്ടായിരുന്നു. റോമ.6:6-ാം വാക്യം പഴയമനുഷ്യൻ (പൗലോസ് മാത്രമുപയോഗിക്കുന്ന ഒരു വാക്കാണ്) ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടു. റോമ.6:8 പഴയമനുഷ്യൻ മരിച്ചു. റോമ.6:4-പഴയ മനുഷ്യൻ അടക്കപ്പെട്ടു. റോമ.6:8- പഴയമനുഷ്യൻ ക്രിസ്തുവിനോടുകൂടി ഉയിർപ്പിക്കപ്പെട്ടു. കൊളോ.2:12 പുതിയ മനുഷ്യനായി പഴയ മനുഷ്യൻ ഉയിർത്തെഴുന്നേറ്റു. അങ്ങനെ റോമ.8:17 പ്രകാരം ക്രിസ്തുവിന്റെ കൂട്ടവകാശികളായി.

sinful nature. We were seeing Romans 6th chapter's 6 verses meaning.

Baptism has been founded by God and its God's plan. Because it is so important, it is based on God. In John 1:33 we see that baptism is from God, Luke 7:29, 30 says it is God's plan. Mark 16:16 and Mathew 28:19-20 says it is the final commandment. Mathew 3:13-16 says our Lord showed himself as a model for taking baptism. John 3:22, 23 hint to us about Lord being the model. 1 Peter 2:21 again says about Lord being a role model by taking baptism. You should not think that by taking baptism you will not have salvation. Baptism is just a way to salvation. Salvation comes through only faith. A person who attains salvation through faith as per the gospel takes baptism. He listens and obeys the word of the Lord. If a doctor asks you to take certain medicine after the food, then you have to take it that way. If he does so then he will get over his sickness. A patient has to listen to the doctor. The same way we have to listen to God through his words and obey. And when we take baptism we are obeying him in such a manner.

Salvation happens through taking baptism, repentance, being born again, through faith, through Holy Spirit, through the verses of gospel, through grace, through not sinning etc. 1 Peter 3:20-21 says baptism is not the removal of the filth of the flesh, but the answer of a good conscience toward God. John 14:15, 21, 23 all says it is a way to show




ക്രൂശിനോടുകൂടി നമ്മളെല്ലാവരും ചേർന്നുവെന്നാണ് ഈ തിരുവെഴുത്തുകളുടെയെല്ലാം അർത്ഥം.

റോമ. 6:9,10–ൽ പറഞ്ഞിരിക്കുന്നത് ഒരിക്കൽ മരിക്കുകയും മരിച്ചിട്ട് ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത ക്രിസ്തുവിനേക്കുറിച്ചാണ്. പാപത്തിന് മരിച്ച് അടക്കപ്പെട്ട ആളുകൾ ക്രിസ്തുവിനോടുകൂടി ഉയിർത്തഴുന്നേറ്റവരാണ്. ഇനി അവർ മരിക്കയില്ല. പിശാചിന് അവരെ തൊടാൻ പറ്റുകയില്ല. നിൽക്കുന്നു എന്ന് വിചാരിക്കുന്നവർ വീഴാതിരിക്കുവാൻ ശ്രദ്ധിക്കുക. പക്ഷെ നിങ്ങൾ യേശുവിനേപ്പോലെ ഉയിർത്തവരാണ്. ഇനി അവനോടുകൂടി നിത്യം വാഴും. അങ്ങനെയിരിക്കെ നിങ്ങൾ നിങ്ങളുടെ വീട്ടുകാർക്കുവേണ്ടി സൈഡ്വലിവുള്ളവരാകരുതേ. ഇത് പ്രതീകാത്മകമായി പറഞ്ഞതാണ്. ഭാര്യയേയും മക്കളേയുംകാളൊക്കെ കൂടുതൽ ക്രിസ്തുവിനുവേണ്ടി നിൽക്കുക. നിങ്ങളുടെ കോൺട്രാക്ട് വർക്കുമൂലം ഉണ്ടാകുന്ന ലാഭത്തോടൊ ബിസിനസ്സിനോടൊ നിങ്ങളുടെ ആരോഗ്യത്തിനുവേണ്ടി പോലുമോ ഒന്നിനോടും ഒരു പാർശ്വാലിറ്റി കാണിക്കരുത്. നിങ്ങൾ ക്രിസ്തുവിനുവേണ്ടി നിൽക്കുക. ഈ സ്തോത്രത്തിന്റെയും പാട്ടിന്റെയും മോണോപൊളിയിൽ ദൈവരാജ്യത്തെ ഒതുക്കാമെന്ന് വിചാരിക്കണ്ട. നിന്റെ ഇരുപത്തിയഞ്ച് ലക്ഷമോ, പത്ത്ലക്ഷമോ, കാൽലക്ഷമോ ഒരു സ്തോത്രക്കാഴ്ച കൊടുത്താൽ ക്രിസ്തുവിനെ മഹത്വപ്പെടുത്താമെന്ന് വിചാരിക്കണ്ട. ക്രിസ്തുവിനോടുകൂടി മാത്രമെ നിൽക്കാവൂ. മറ്റാരോടും കൂടി നിൽക്കാൻ പാടില്ല. അതാണ് 10–ാം വാക്യം പറയുന്നത്. അവൻ പാപസംബന്ധമായി ഒരിക്കലായി മരിച്ചെന്ന്. എന്നു പറഞ്ഞാൽ അവൻ സകല മനുഷ്യരുടേയും പാപങ്ങൾക്കായി മരിച്ചുവെന്നാണ്. ഹെബ്രാ.9:26–ലും പറയുന്നു അവൻ സകല മനുഷ്യരുടേയും പാപങ്ങൾക്കായി മരിച്ചുവെന്ന്. ക്രിസ്തു ഒരിക്കലും പാപം ചെയ്തിട്ടേയില്ല. അവൻ പാപലോകത്തിൽ വന്ന് പാപികളായ, മനുഷ്യരോടുകൂടി പാർത്ത്, മനുഷ്യരുടെ പാപങ്ങൾ, ചുമന്ന്, അവയെല്ലാം അവനോടുകൂടി മരണത്തിലൂടെ അടക്കപ്പെടുകയാണ് ചെയ്തത്. പാപം ചെയ്യാതെ ജീവിച്ച് പാപത്തിനുവേണ്ടി അവൻ മരിക്കുകയാണ് ചെയ്തത്. നിങ്ങളെല്ലാവരും പാപങ്ങൾ ചുമന്ന യേശുവിന്റകൂടെ പാപമില്ലാതെ ജീവിച്ച് ക്രിസ്തു പാപത്തിന് മരിച്ചത് ഏറ്റുപറഞ്ഞുകൊണ്ട് ഭാര്യാ, ഭർത്താവ്, മക്കൾ, ജോലി ഇതിനോടൊന്നുംയാതൊരു surrendering-ഉം ഇല്ലാതെ ക്രൂശിൽ ഒറ്റപ്പെട്ടവനേപ്പോലെ നിങ്ങളും ഒറ്റപ്പെടണം. നമ്മുടെ കർത്താവ് പറയുന്നു സ്വർഗ്ഗത്തിലേക്കുള്ള വഴി ഇടുങ്ങിയതാണ്, എന്നാൽ നിങ്ങൾ പോകുന്ന വഴി വിശാലമാണ് എന്ന്. വിശാലമായ വഴിയിലൂടെ നമ്മൾ നടക്കുകയാണ്. നമ്മൾ ആരെങ്കിലും തരുന്ന ഉപ്പേരി തിന്നുന്നതുപോലെ, ഉപ്പേരി ഉണ്ടാക്കാൻ കുറച്ചു പാടാണ്. പാകത്തിനുള്ള ഏത്തക്ക കണ്ടുപിടിക്കണം. അത് തൊലി പൊളിച്ചെടുത്ത് എണ്ണയ്ക്കകത്തിട്ട് പൊരിച്ച് പാകത്തിനെടുക്കണം. ഈ എണ്ണയ്ക്കകത്തിട്ട് വറുത്ത് പൊടിക്കാതെ നീ ഉപ്പേരിയാകില്ല. പാപത്തിന് മരിക്കാതെ ബന്ധുക്കൾ മിത്രങ്ങൾ ഇവർക്കുവേണ്ടി ജീവിതം

the love for Christ. . Taking baptism means obeying Lord (Acts 2:41). Baptism is being one with Christ says Galatians 3:27, 1 Corinthians, Mathew 3:6. Baptism is derived from the Greek word called as Baptiso. It means to immerse or to dip etc. As it shows the burial of the body and resurrection one has to immerse to baptize. We can take the baptism given by John the Baptist as an example for this. He gave baptism in Aenon. John 3:23. because there was much water there. In Romans 6:6 old man (it was an exclusive term used only by Paul) was crucified along with Christ. Romans 6:8 Old man died. Romans 6:4 Old man was buried. In Romans 6:8 Old man resurrected along with Christ. Colossians 2:12 the old man resurrected as a new man. Thus as per Romans 8:17 became joint heirs with Christ. All these scriptures mean we became a part of this cross.

Romans 6:9-10 says about Christ who once died and resurrected from the dead. Those who died in sins and buried are those who resurrected with Christ. Now they would not die. Satan cannot touch them. Those who think they are standing be careful that you do not fall. But you are resurrected like Jesus. Now you will reign with for eternity. Being that please do not be on your families' side. It was a symbolic saying. More than for your wife and children stand for Christ. Do not show any partiality to your profit through your contract work or business, or to your health or to any thing for that matter. You stand up for Christ. Never think you can sideline God in the monopoly of praise and worship. Do not think you can glorify God by your Twenty five lakhs, ten lakhs or quarter lakhs in offertory. Only stand with Christ. Not with anybody else. That is




കാംക്ഷിച്ചുകൊണ്ട് നിങ്ങളുടെ വഴികളെ വിശാലമാക്കുന്നവരെ വെള്ളത്തിൽ മുങ്ങി വിശ്വാസസ്നാനം സ്വീകരിച്ച് ആരാധനയിൽ ആയിരം പാട്ട് പാടുകയും അഞ്ഞൂറോ ആയിരമോ സ്തോത്രക്കാഴ്ച്ച കൊടുക്കുകയും ചെയ്തുകൊണ്ട് ഇപ്പോൾ സ്വർഗ്ഗം കിട്ടുമെന്ന് വിചാരിക്കാൻ സാധ്യതയുള്ളവരെ, നിങ്ങൾക്കുവേണ്ടി ഒരു വചനം റോമ.6:10–ൽ "അവൻ മരിച്ചത് പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു. അവൻ ജീവിക്കുന്നതോ ദൈവത്തിന് ജീവിക്കുന്നു". നീയോ കുടുംബാംഗങ്ങൾക്കുവേണ്ടിയും മറ്റു പലതിനുവേണ്ടിയും ജീവിക്കുന്നു. ആരേയും കബളിപ്പിക്കാം. പക്ഷെ ദൈവത്തെ ഒരിക്കലും കബളിപ്പിക്കാൻ പറ്റുകയില്ല. 11–ാം വാക്യത്തിൽ "അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവരെന്നും യേശുക്രിസ്തുവിൽ ദൈവത്തിന് ജീവിക്കുന്നവരെന്നും നിങ്ങളെത്തന്നെ എണ്ണുവിൻ". ഇന്നലെ വരെ എണ്ണിയില്ലെങ്കിൽ ഇന്നു മുതൽ തീർച്ചയായിട്ടും എണ്ണണം. നിങ്ങൾ പാപത്തിനു മരിച്ചു. ഉറപ്പായ ചിന്ത നിങ്ങൾക്കുണ്ടാകണം. ക്രിസ്തുവിനുവേണ്ടി നീ ജീവിക്കുന്നുവെന്ന് അറിഞ്ഞാൽ നിന്റെ ഭാര്യയും മക്കളും ബന്ധുക്കളും ചിലപ്പോൾ നിന്നെ ഉപേക്ഷിച്ചെന്നിരിക്കും. അങ്ങനെ പിതാവ് എങ്ങനെ യേശുവിനെ ഉപേക്ഷിച്ചോ, എന്തുകൊണ്ട് എന്റെ ദൈവമെ എന്നെ ഉപേക്ഷിച്ചെന്ന് പുത്രൻ പിതാവിനോട് വിളിച്ചു ചോദിച്ചപ്പോൾ പിതാവ് ഉപേക്ഷിച്ചു. മറുപടിയൊന്നും പറഞ്ഞില്ല. നിന്നെ ഭാര്യയും, മക്കളും, ബന്ധുക്കളും സഭയും ഉപേക്ഷിച്ചാൽ നീ ഒരാ

what is said in the 10th verse. He died once for sins, which means that he died for all humanities sins.

Hebrew 9:26 says he died for everybody's sins. Christ has never done any sin. He came into this sinful world lived sinful humans bore their sins and all those sins were buried with him. He came into the sinful world lived a sin free life and died for the sins. All of you should bear the sins live with Jesus without any sins, confessing that Christ died for your sins, not having any surrendering to wife, husband, children, and job and should be a loner like how Christ was alone. Our Lord says the road to heaven is narrow. But the road in which you are going is broader. We are walking in the broader path. Like we eating chips what somebody else gave. It is difficult to make banana chips. Find the perfect banana for it. And then de skin it, fry in the hot oil for some time. Without frying perfect chips would not be there. There is a verse who think they will get heaven who does not die in sins, living only for friends and relatives, those who have taken water baptism and singing thousand songs, giving five hundred or thousand as offertory. Here is the verse for them Romans 6:10 "For the death that He died, He died to sin once for all; but the life that He lives, He lives to God." And you are living for your family and many other things. You can fool any body. But you can never fool God. In 11th verse "Likewise you also, reckon yourselves to be dead indeed to sin, but alive to God in Christ Jesus our Lord." If you have not reckoned till



എന്റെ പേര് രുഗ്മിണി. ഞാൻ കോഴിക്കോട് ജില്ലയിൽ പെരുവണ്ണാമൂഴിയിൽ താമസിക്കുന്നു. എനിക്ക് ഏതാനുംവർഷങ്ങളായി സൂര്യപ്രകാശം അടിച്ചാൽ ശരീരത്തിൽ ഭയങ്കര അസ്വസ്ഥതകളുണ്ടായിരുന്നു. അതുമൂലം ഞാൻ വളരെയേറെ ബുദ്ധിമുട്ടനുഭവിച്ചിരുന്നു. ചികിത്സകളൊക്കെ ചെയ്തുവെങ്കിലും യാതൊരു ഫലവുമുണ്ടായില്ല. അങ്ങനെയിരിക്കെയാണ് 2014-ൽ ദേവസ്യാ മുല്ലക്കരസാറിന്റെ പ്രാർത്ഥനാശുശ്രൂഷ കോഴിക്കോട് വ്യാപരഭവനിൽ നടക്കുന്നതറിഞ്ഞത്. ഞാനും അവിടെ ആ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും പങ്കെടുക്കുകയും സാറിന്റെ വ്യക്തിപരമായ പ്രാർത്ഥന ലഭിക്കുകയും ചെയ്തു. എന്റെ ശരീരത്തിന്റെ എല്ലാ അലർജിരോഗങ്ങളും മാറി. ഇപ്പോൾ എനിക്ക് പരിപൂർണ്ണസൗഖ്യമായിരിക്കുന്നു. എന്നെ അനുഗ്രഹിച്ച എന്റെ കർത്താവിനെ ഞാൻ സ്തുതിക്കുന്നു. ആരാധിക്കുന്നു. പ്രാർത്ഥിച്ച സാറിനും ടീമംഗങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു.


രുഗ്മിണി.
കോഴിക്കോട്
Ph: 9946115046




ണെന്ന നിലയിൽ അല്ലെങ്കിൽ ഒരു പെണ്ണെന്ന നിലയിൽ എങ്ങോട്ടു പോകും. ആ ചിന്തകൊണ്ട് നീ അവിടെത്തന്നെ നിൽക്കും. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്റെയടുത്ത് വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ.11:28). നിൽക്ക് കർത്താവെ എനിക്കൊരു കുടുംബമുണ്ട്, അല്ലെങ്കിൽ എനിക്കൊരു ഭർത്താവുണ്ട്, ഭാര്യയുണ്ട്, മറ്റു ചില കാര്യങ്ങളുണ്ട് കുറച്ചുകൂടി കഴിയട്ടെ......... നമ്മളിവിടെത്തന്നെ നിൽക്കുകയാണ്. നമ്മളെ പെരുവഴിയിലേക്ക് അവർ ഇറക്കി വിടുമ്പോൾ പെരുവഴി എന്നത് ക്രൂശാണെന്നും ക്രൂശിൽ ദൈവം തന്ന കൃപയുടെ ജീവിതമാണെന്നും നമ്മളാരും അറിയുന്നില്ല.

12-ാം വാക്യത്തിൽ "ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുവാൻ ഇനി വാഴരുത്. നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ അവയവങ്ങളായി പാപത്തിന് സമർപ്പിക്കുകയും അരുത്". ഇവിടെ വിശുദ്ധിയെക്കുറിച്ചുള്ള പഠനം ആരംഭിക്കുകയാണ്. നിങ്ങൾ പാപത്തിന് മരിച്ചിരിക്കകൊണ്ട് പാപം നിങ്ങളുടെ മർത്യശരീരത്തിൽ ഇനി വാഴരുത് എന്നു കർത്താവ് പറയുകയാണ്. പാപം എന്ന് കേൾക്കുമ്പോൾ ഒരാളെ തല്ലുന്നതോ, ഒരാളോട് മോശമായി പെരുമാറുന്നതോ, മോഷ്ടിക്കുന്നതോ മാത്രം ആണ് എന്നല്ല കരുതേണ്ടത്. അതൊക്കെ ചെറിയ ചെറിയ പാപങ്ങളാണ്. സൂപ്പർ പാപം ക്രിസ്തുവിന്റെ വചനത്തിന്റെ മുമ്പിൽ സമർപ്പിക്കാത്തതാണ്. അതാണ് ഏറ്റവും വലിയ പാപം. ഞാൻ കള്ളുകുടിക്കുന്നില്ലല്ലോ, അത് ചെയ്യുന്നില്ലല്ലോ,

yesterday today should reckon. You are dead in sins. You should have a confirmed thought about this. When it is known that you are living for Jesus Christ probably your wife, children or your relatives might forsake you. Thus how the father forsake the son, Why oh my God did you forsake me when this question was asked the father did not reply. If your wife or children or your relatives or your church forsake you where will you go as a man or as a woman. With this thought you will stand there. " Come to Me, all *you* who labor and are heavy laden, and I will give you rest." (Mathew 11:28). Wait Lord I have a family, otherwise I have a husband or a wife or there some things for me to finish, let some more time pass……..



ദേവസ്യാ മുല്ലക്കര സാറിന്റെ നേതൃത്വത്തിൽ, അത്ഭുതങ്ങളുടേയും അടയാളങ്ങളുടേയും അകമ്പടിയോടെ 01 – 02– 2015 ൽ എറണാകുളം ഇമ്പീരിയൽ ഹാളിൽ നടന്ന ദൈവവചനശുശ്രൂഷയിൽ നിന്നും.

ഇത് ചെയ്യുന്നില്ലല്ലോ എന്നൊന്നും പറഞ്ഞിട്ട് കാര്യമില്ല. ക്രിസ്തുവിന് മുമ്പിൽ പൂർണ്ണമായി സമർപ്പിക്കണം.

വിശുദ്ധിയേക്കുറിച്ച് നമ്മൾ ചിന്തിക്കുന്നതൊക്കെ ചെറിയ കാര്യങ്ങളാണ്. എന്നാൽ വലിയ ചിന്ത എന്നു പറയുന്നത് ക്രിസ്തുവിന്റെ വചനങ്ങൾ അനുസരിച്ച് വിശ്വാസജീവിതത്തിൽ വരുന്നുണ്ടോ എന്നതാണ്. 12-ാം വാക്യം നമ്മുടെ മനസ്സിൽ ഉന്നതമായ ചിന്ത തരുകയാണ്. പാപം, വിഗ്രഹാരാധന, കൊല ചെയ്യൽ, കള്ളത്തരം, മോഷണം, ദുർഭാഷണം, അഹങ്കാരം, ദുർമ്മോഹങ്ങൾ, ദുഷ്ചിന്തകൾ എന്നിടത്ത് നിൽക്കുന്നില്ല, അതിന്റെയപ്പുറത്തേക്ക് പാപത്തിന്റെ ഡഫനിഷൻ വളരുകയാണ്. **ക്രിസ്തുവിൽ വിശ്വസിക്കായ്ക,** പുതിയ നിയമത്തിൽ വിശ്വസിക്കായ്ക, പഴയനിയമത്തെ ചേർത്ത് വയ്ക്കായ്ക, പരിശുദ്ധാത്മാവിന്റെ നിറവിനെ തള്ളിക്കളയുക ഇതൊക്കെയാണ് പാപം. വചനകേന്ദ്രീകൃത ജീവിതത്തിന് പകരം സ്വയകേന്ദ്രീകൃത ജീവിതം, തൊഴിൽ കേന്ദ്രീകൃതജീവിതം, അതാണ് പാപം. നമ്മുടെയൊക്കെ ജീവിതം കുടുംബ കേന്ദ്രീകൃതമാണ്. സഭാ കേന്ദ്രീകൃതമാണ്. പാസ്റ്റർ കേന്ദ്രീകൃതമാണ്..........ഇതെല്ലാം സ്വയമാണ്. സ്വാർത്ഥതാല്പര്യമാണ്. സ്വാർത്ഥതാല്പര്യം മൂലം നാം നമ്മെത്തന്നെ അഗ്രസ്ഥാനത്തു നിർത്തുകയാണ്. വരം കേന്ദ്രീകൃതമായ ജീവിതം, ക്രിസ്തു ഇല്ലാത്ത ആത്മീയത കേന്ദ്രീകൃതമായ ജീവിതം, ദൂതിനെയും രോഗശാന്തിയെയും, ഭൂതശാന്തിയെയും കേന്ദ്രീകൃതമായ ജീവിതം ഇതെല്ലാം മണ്ണാങ്കട്ടയാണ്. വചനാധിഷ്ഠിതമായി ക്രിസ്തു കേന്ദ്രീകൃതമായിരിക്കണം ജീവിതം. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ആയിരം പ്രവചനം കിട്ടുമെന്ന് പറഞ്ഞൊ, പക്ഷെ ക്രിസ്തു കേന്ദ്രീകൃതമായി, വചനകേന്ദ്രീകൃതമായി നാം ജീവിക്കണം. ഒരു പക്ഷെ മരിച്ചവർ എഴുന്നേറ്റോട്ടെ. സ്വാർത്ഥതമൂലം ആദ്യം നമ്മുടെ സ്വന്തമോഹങ്ങളെ പൂർത്തീകരിക്കുവാൻ നോക്കുകയാണ്. ഈ മോഹങ്ങളെയെല്ലാം ക്രിസ്തുവിലേക്ക് കൊണ്ടുവന്ന് പറിച്ചുനടുന്നതിൽ നമ്മെളെപ്പോഴും പിൻപന്തിയിലാണ്. നമ്മുടെ ആദ്ധ്യാത്മികതയിലെ മോഹങ്ങളേപ്പോലും നമ്മൾ വെച്ചു സൂക്ഷിക്കുകയാണ്. നമുക്ക് താല്പര്യമതാണ്.




നമ്മളിൽ ഇനി പാപം കർത്തൃത്വം നടത്തരുത് എന്നാണിനിപ്പറയുന്നത്. പാപം വാഴാതിരിക്കണം. പാപമെന്നു പറയുന്നത് കൊലപാതകവും വേശ്യാവൃത്തിയേക്കാളുമൊക്കെ വലുതുണ്ട്. ഇവയൊന്നും ഒരിക്കലും പാടില്ലാത്ത പാപങ്ങൾ തന്നെയാണ്. പക്ഷെ അതിനേക്കാൾ മുകളിലാണ് വേദപുസ്തകം അറിയാതെയിരിക്കുക; ക്രിസ്തുവിനെ അറിയാതിരിക്കുക എന്നത്. നമുക്ക് ലഭിച്ച പദവികളും അവകാശങ്ങളും അനുഭവമാക്കിക്കൊണ്ടാണ് വിശുദ്ധിയെ നമ്മൾ കൊണ്ടുപോകുക. പാപത്തിന് നമ്മളെ സമർപ്പിക്കരുത് എന്നു പറയുകയാണ്. കള്ളുകുടിക്കുന്നവർ പാപത്തിന് സമർപ്പിക്കുമ്പോൾ പിറ്റേദിവസവും കുടിക്കുന്നു. അങ്ങനെ പാപത്തിനടിമകളാകുന്നു. ഇന്ന് നമ്മൾ ദൈവത്തിന് സമർപ്പിച്ചു എന്നു പറഞ്ഞാൽ അതിന്റെയർത്ഥം നാം വചനത്തിന് സമർപ്പിച്ചുവെന്നാണ്. എന്നന്നേക്കുമായി നാം ക്രിസ്തുവിന്റെ സ്വന്തമായിരിക്കുന്നു; വചനബദ്ധമായി സ്വന്തമായിരിക്കുന്നു. ഒരു വ്യക്തി എപ്പോഴും ക്രിസ്തു

We are still standing here. When they leave us in the streets we fail to realize that the streets is nothing but the Cross, and in the life of grace in the cross. In 12th verse “Therefore do not let sin reign in your mortal body, that you should obey it in its lusts, and do not present your members as instruments of unrighteousness to sin”. Here starts the study of holiness. Because you are dead to sins the sin should not reign in you this is what Lord says. When we hear sin we should not think that it is to beat a person, to misbehave with others, or to steal. Those are small small sins. The super sin is not surrendering you to the Christ’s words. That is the biggest sin. There is no point in saying I do not drink; I do not do this that etc. You should surrender in front of God.

What we think about holiness is small things. But what is called as the big thought is whether we come to the life led in faith as per Christ’s words. 12th verse gives a very high thought provoking to us. Sin does not stop with idol worship, murder, robbery, iniquity conversations, pride bad thoughts and bad likes, but it goes beyond to another definition. Non belief in Christ, Non belief in New Testament, Not binding Old testament, Forsaking the fullness of Holy Spirit all these are sins. Self centered life, my dear ones that is sin. Instead of gospel based life, leading a self centered life, career centered life that is sin. All of our life is family centered life. Church centered, pastor centered. All these are selves. Self interested.

വിന്റെ സ്വന്തമായിരിക്കണം. ഒട്ടും മാറ്റി വയ്ക്കാതെ നാം ദൈവത്തിന് സമർപ്പിക്കണം. പ്രാകൃതമനുഷ്യൻ തന്റെ അവയവങ്ങളെ പാപത്തിന് സമർപ്പിക്കുന്നു. എന്നു പറഞ്ഞാൽ ക്രിസ്തുവിൽ നിന്നും ദൂരെ. വേശ്യാവൃത്തിക്കുസമർപ്പിക്കുന്നു എന്നോ നുണയ്ക്ക് സമർപ്പിക്കുന്നു എന്നോ പറയുന്നത് ശരിയാണ്. അതിനേക്കാൾ വലിയ ശരിയുടെ ശരിയാണ് വചനത്തിനല്ലാതെ സമർപ്പിക്കുന്നു എന്നത്. വിശ്വാസിയുടെ ശരീരം പൂർണ്ണമായും ദൈവീകയാഗപീഠത്തിൽ സമർപ്പിക്കപ്പെട്ടിരിക്കണം. റോമ.6-ന്റെ 12-ാം വാക്യത്തിൽ തന്നെ നമ്മൾ നിൽക്കുകയാണ്. റോമ.12:1-ൽ ഇങ്ങനെ പറയുന്നു: സഹോദരന്മാരെ ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവിൻ. ഒരു മനുഷ്യന്റെ ശരീരത്തിൽ ഒരു മുഴ വന്നാൽ ആകപ്പാടെ വെപ്രാളമായി. ഒരു കുഞ്ഞുണ്ടാകാതെയിരുന്നാലും വെപ്രാളമായി. അപ്പോൾ അയൽപക്കത്തെ ആത്മീയർ വന്ന് പറയുന്നു; ചികിത്സയും നമുക്കാവശ്യമല്ലേ. പിന്നീട് സ്കാനിംഗ്, MRI അങ്ങനെയെന്തൊക്ക. പണമില്ലാതെ വിഷമിക്കുമ്പോഴും അവർ വന്നുപറയും ആ ബാങ്കും ഈ ബാങ്കും നമുക്കാവശ്യമല്ലെ ●

Due to self interest we are placing ourselves in a centre point. Gift centered life, Christ less spiritual centered life. Message and healing centered life, driving away centered life, all this is nonsense. Gospel based Christ centered should be life. You can say you get thousand prophecies when you pray, but your life should be Christ centered, gospel centered should be our life. If dead people are being risen let it be. Because of our selfishness we are trying to fulfill our own wants. We are always backward in bringing all these needs and want to relocate it to Christ. We are keeping even our spiritual wishes also to ourselves. That is what we are interested in.

No more should sin have any lordship over us. Sin should not reign. There is more to sin than doing murder and adultery. All these are forbidden sins. But much more is not knowing about Bible. Not knowing about Christ. The titles and the rights what we received should be made as experiences and that is how holiness should be taken forward. What I am saying is we should never submit ourselves to sin. Those who drinks submit themselves to sin then they again drink the next day. Thus become slaves of sin. Today we are surrendering to God means surrendering to the gospel. We are Christ's own forever. Gospel bound his own. An individual should always belong to Christ. We should totally surrender. An earthly person surrender his members to sin. That means much far from Christ. It is right to say submitting to adultery or to a lie. But it is much more right to say surrendering to non gospel. A believers body has to be fully surrendered as a living sacrifice. We are still in Romans 6th chapter 12th verse. Romans 12:1 says like this I beseech you therefore brethren, by the mercies of God, that you present your bodies as a living sacrifice, holy acceptable to God, which is your reasonable service. If a tumor appears in the body of a man, then he becomes jittery, if a baby is not born then it is aproblem, Then the neighbor hood spiritual people comes and say don't we need treatment too? Then scanning, MRI, etc. When we are suffering a financial problem then too they come and say we need that bank this bank ■

ഇന്ത്യയ്ക്കകത്തു നിന്നു മാത്രമുള്ള സാമ്പത്തികസഹായങ്ങൾ സ്വീകരിക്കുവാനുള്ള ഞങ്ങളുടെ അക്കൗണ്ട്.

ചർച്ച് ഓഫ് ഇറ്റേണിറ്റി, A/C No: 1034 0100 205 721, ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്, എറണാകുളം, IFSC Code : FDRL 000 1034



# NEWS
# വാർത്തകൾ

## യേശുവിനെ വിചാരണ ചെയ്ത കൊട്ടാരം കണ്ടെത്തിയതായി ഗവേഷകർ.

യോഹന്നാന്റെ സുവിശേഷത്തിലെ കൽത്തളം എന്ന പരാമർശത്തിന്റെ (യോഹ.19:13) അടിസ്ഥാനത്തിലാണ് ഗവേഷകർ കൊട്ടാരം തിരിച്ചറിഞ്ഞത്. യേശുവിനെ വിസ്തരിച്ച സ്ഥലം ഉടനെ സന്ദർശകർക്കായി തുറന്നു കൊടുക്കുമെന്നു ഇസ്രായേൽ അധികൃതർ അറിയിച്ചു. ദാവീദിന്റെ ഗോപുരത്തിന്റെ സമീപമാണ് കൊട്ടാരത്തിന്റെ സ്ഥാനം. 15 വർഷം മുമ്പാണ് കൊട്ടാരം കണ്ടെത്തിയത്. എന്നാൽ ഇതിനെ തുടർന്നുള്ള ഗവേഷണങ്ങളാണ് ഹെരോദാവിന്റെ യെരുശലേമിലെ കൊട്ടാരം തിരിച്ചറിയാൻ സഹായകമായത്.

പഴയ യെരുശലേമിലാണ് ഹെരോദാവിന്റെ കൊട്ടാരമെന്ന കാര്യത്തിൽ ഗവേഷകർക്ക് ഏക അഭിപ്രായമായിരുന്നു. എന്നാൽ യേശുവിനെ വിചാരണ ചെയ്ത സ്ഥലത്തേക്കുറിച്ചായിരുന്നു തർക്കം. പന്തിയോസ് പീലാത്തോസ് യേശുവിനെ വിചാരണ ചെയ്തതും ഹെരോദാവിന്റെ കൊട്ടാരവളപ്പിലാണെന്ന് ഒരു വിഭാഗം ഗവേഷകർ ഉറച്ചുവിശ്വസിച്ചതോടെയാണ് തർക്കം ആരംഭിച്ചത്. ടെമ്പിൾ മൗണ്ടിലായിരുന്നു വിചാരണ നടന്നതെന്ന വാദവും ഉയർന്നിരുന്നു. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിലെ "കൽത്തളത്തിൽ ന്യായാസനത്തിൽ കൊണ്ടു വന്നു" എന്നു കാണുന്നതിനാലാണ് അന്തിമതീരുമാനത്തിൽ എത്തിയത്.

ഗവേഷകർ ഉൽഖനനത്തിൽ ഇവിടെ കൽപ്പടവുകൾ കണ്ടെത്തി, അതിനാലാണ് ഇത് യേശുവിനെ വിചാരണ നടത്തിയ സ്ഥലമാണെന്ന് ഉറപ്പിക്കുന്നത്. ചാർലോട്ടിലെ നോർത്ത് കരോലീന സർവ്വകലാശാലയിലെ പ്രൊഫ. ഷിമോൺ ഗിബ്സണിനെറ്റിന്റെ നേതൃത്വത്തിലുള്ള ചരിത്രഗവേഷകരാണ് വിചാരണ സ്ഥലം സംബന്ധിച്ച തെളിവുകൾ പുറത്തുവിട്ടത്.

കടപ്പാട്: DISCIPLES NEWS




## ആത്മാഭിഷേകം മാസിക

**ആത്മാഭിഷേകം** മാസിക തപാൽ വഴി ലഭിക്കുവാൻ ഇന്ത്യയ്ക്കകത്ത് ഒരു വർഷത്തേയ്ക്ക് 300 രൂപ. ആജീവനാന്തം 3000 രൂപ. ഇന്ത്യക്ക് പുറത്ത് ഒരു വർഷത്തേയ്ക്ക് 3000 രൂപ. പിൻകോഡും ഫോൺ നമ്പറും സഹിതം പൂർണ്ണമായ മേൽവിലാസം അയയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. മാസിക പുതുക്കാൻ പണം അയക്കുന്നവർ അഡ്രസ്സിനോടൊപ്പം രജിസ്റ്റർ നമ്പർ ചേർക്കുമല്ലോ.**ആത്മാഭിഷേകം** മാസികയുടെ വായനക്കാരെന്ന നിലയിൽ നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ എഴുതി അറിയിക്കുക.

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

# 2015 ആത്മാഭിഷേകം ടീമിന്റെ ശുശ്രൂഷകൾ

| | | |
|---|---|---|
| ഫെബ്രുവരി | 21, 22 | New Delhi. Athmabhishekam Prayer Hall. Plot No: II, 2 nd Floor Near Metro Pillar No:786 and Dwaraka mor redlight. Ph:09958328119. 9 AM- 5 PM |
| ഫെബ്രുവരി | 26 | അടിമാലി. വ്യാപാരഭവൻ Ph:9744741907. 10Am- 5 Pm. |
| ഫെബ്രുവരി | 27 | മുണ്ടക്കയം അത്യാലിൽ പ്ലാസ്സ ഓഡിറ്റോറിയം. Ph:9388608345. 10 Am- 5 Pm. |
| ഫെബ്രുവരി | 28 | ഏറ്റുമാനൂർ. താര ഓഡിറ്റോറിയം. പ്രൈവറ്റ് ബസ്റ്റാന്റിന് സമീപം. |
| മാർച്ച് | 2 | ചേർത്തല. Ph:9388689735. 10 Am- 5 Pm. |
| മാർച്ച് | 3 | മാവേലിക്കര. Ph:9446745148. 10 Am- 5 Pm. |
| മാർച്ച് | 4 | അടൂർ. Ph:9447116820. 10 Am- 5 Pm. |
| മാർച്ച് | 5 | കരുനാഗപ്പള്ളി. Ph:9847872731. 10 Am- 5 Pm. |
| മാർച്ച് | 6 | പത്തനംതിട്ട. Ph:9847052185. 10 AM- 5 Pm. |
| മാർച്ച് | 7 | കറുകച്ചാൽ. Ph:9387841020. 10 Am- 5 Pm. |
| മാർച്ച് | 11,12, 18,19 | എറണാകുളം പാലാരിവട്ടം ചർച്ച്. (ദേവസ്യാ സാറും സീനിയർ പാസ്റ്റേഴ്സും കൃപാവരങ്ങൾ ഉപയോഗിച്ചുള്ള കൗൺസിലിംഗ് നൽകുന്നു). Ph:9388487301 |

**മെയ് 4-8 പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമത്തിൽ രോഗശാന്തിദായക ധ്യാനം. (താമസസൗകര്യം ലഭ്യമാണ്).**
**Ph:9847786950, 04985 213 999**

**മെയ് 11-15 തിരുവല്ല. കൃപാവരവളർച്ചാധ്യാനവും രോഗശാന്തിശുശ്രൂഷയും.**
**Ph:9446745148, 04985 213999**




**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട് (ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, Kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

ATHMABHISHEKAM MONTHLY
2015 FEBRUARY
RNI No. KER/ MAL/03/12060 - KL/ KNR /41/13 -15
Rs.20.00
Licence No. KL/PMG/NR/WPP/1-2/KNR/2013-2015
License to post without prepayment
Published on 17th February 2015



**അത്ഭുതങ്ങൾ തീർന്നിട്ടില്ല! അടയാളങ്ങൾ അവസാനിച്ചിട്ടുമില്ല! യേശുക്രിസ്തു ഇന്നും ജീവിക്കുന്നതിനാൽ!!**

**Jesus Christ is the same yesterday and today and forever. (Hebrew 13:8)**

കർത്താവ് എന്റെ ജീവിതത്തിൽ ചെയ്ത വലിയൊരനുഗ്രഹത്തെ കർത്താവിന്റെ നാമമഹത്വത്തിനായി ഞാനെഴുതട്ടെ. ഒരു ദിവസം ഞാൻ കൈകുത്തി വീണതിന്റെ ഫലമായി കൈയ്യുടെ റിസ്റ്റ് തിരിയുകയും കൈക്ക് പൊട്ടലുണ്ടാവുകയും ചെയ്തു. ആശുപത്രിയിൽ ചെന്നപ്പോൾ ഡോക്ടേഴ്സ് തൽക്കാലം പ്ലാസ്റ്റർ ഇടുകയും പിന്നീട് ഒരു ഓപ്പറേഷനിലൂടെ ഏകദേശം 3 ഇഞ്ച് നീളമുള്ള 6 കമ്പികൾ ഇടുകയും ചെയ്തു. ശരീരത്ത് ഈ കമ്പികൾ ദോഷകരമായതിനാൽ പതിനഞ്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അതിൽ രണ്ടെണ്ണം കൈ മരപ്പിച്ച് ഡോക്ടേഴ്സ് എടുത്ത് മാറ്റി. ബാക്കി നാലെണ്ണം കൈകൾക്കുള്ളിൽത്തന്നെയിരുന്നു. അങ്ങനെയിരിക്കെ ഞാൻ എറണാകുളം പാലാരിവട്ടം ചർച്ചിൽ ദേവസ്യാ മുല്ലക്കരസാറിന്റെ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുകയും അവിടെവെച്ച് പ്രാർത്ഥനാമദ്ധ്യേ സാർ ശരീരത്ത് എന്തെങ്കിലും സ്റ്റീൽപ്ലെയിറ്റുകളോ മറ്റൊ ഇട്ടിട്ട് വന്നവരുണ്ടോ എന്ന് ചോദിക്കുകയും ചെയ്തു. ഞാൻ എഴുന്നേറ്റുനിൽക്കയും സാർ എനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. പ്രാർത്ഥനയ്ക്കുശേഷം സാർ പറഞ്ഞു. ഈ കമ്പികൾ എടുക്കാൻ ഡോക്ടറുടെ ആവശ്യമൊന്നുമില്ല. വിശ്വാസത്താൽ ഇതെല്ലാം സാധിക്കുമെന്ന്. അങ്ങനെ പ്രാർത്ഥനയാൽ അപ്പോൾത്തന്നെ വൈദ്യന്മാരുടെ വൈദ്യനായ എന്റെ യേശുവിന്റെ അനുഗ്രഹത്താൽ ആ നാല് കമ്പികളും ഞാൻതന്നെ വലിച്ചൂരി. മാത്രമല്ല അതിനുശേഷം ഞാൻ ഹോസ്പിറ്റലിൽ പോയിട്ടില്ല. എന്റെ കൈക്കുയാതൊരു കുഴപ്പവുമില്ല. എനിക്കുവേണ്ടി പ്രാർത്ഥിച്ച സാറിനെയും ടീമിനെയും കർത്താവ് ഇനിയുമിനിയും അവിടുത്തെ വരങ്ങളും കൃപകളും ദാനങ്ങളുംകൊണ്ട് നിറക്കുവാനും ഈ ജീവിക്കുന്ന കർത്താവിനെ ഇനിയുമിനിയും അനേകമാളുകൾക്ക് പകർന്നുകൊടുക്കുവാനും കർത്താവ് സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഇത്രയും വലിയ അനുഗ്രഹം എനിക്കു തന്ന കർത്താവിന് ഞാൻ സ്തുതികളർപ്പിക്കുന്നു. ആർത്തുപാടി...... ഞാൻ ആനന്ദത്തോടെ കീർത്തനം ചെയ്തെന്നും....................ഇത്രനൽരക്ഷകൻ വേറെയില്ലൂഴിയിൽ.

ലൗലി. കോയമ്പത്തൂർ. Ph:9496295584

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod (Dt).